2023
JULY
05
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മുത്തൂറ്റ് മൈക്രോഫിൻ ഓഹരി വിൽപനയ്ക്ക്

**കൊച്ചി :** ഓഹരികളുടെ ആദ്യ പൊതു വിൽപന (ഐപിഒ) യുമായി കേരളത്തിൽനിന്നു വീണ്ടും ഒരു സംരംഭം: മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൽപ്പെട്ട മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് അടുത്തുതന്നെ മൂലധന വിപണിയിലെത്തും. ഐപിഒ അനുമതിക്കായി സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) യ്ക്കു പ്രോസ്പെക്ടസ് സമർപ്പിച്ചു.

മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിൽനിന്ന് ഐപിഒ വിപണിയെ സമീപിക്കുന്ന രണ്ടാമത്തെ സംരംഭമാണിത്. 1995ൽ വിപണിയിലെത്തിയ മുത്തൂറ്റ് ക്യാപ്പിറ്റൽ സർവീസസാണ് ആദ്യത്തേത്. സെബിയിൽനിന്നു 2018 ഒക്ടോബറിൽ മുത്തൂറ്റ് മൈക്രോഫിൻ ഐപിഒ അനുമതി നേടിയിരുന്നെങ്കിലും വിപണിയിലെത്തിയില്ല. 500 കോടി രൂപയുടെ പുതിയ ഇഷ്യുവും ഓഫർ ഫോർ സെയിലും (ഒഎഫ്എസ്) ഉൾപ്പെട്ട ഐപിഒയ്ക്കായിരുന്നു അനുമതി.

ഇപ്പോൾ അനുമതി തേടിയിരിക്കുന്ന ഐപിഒ 1350 കോടി രൂപ സമാഹരണ ലക്ഷ്യമിട്ടുള്ളതാണ്. 950 കോടി രൂപയുടെ പുതിയ ഇഷ്യുവും 400 കോടിയുടെ ഒഎഫ്എസുമാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പൊതു വിപണിയിലെത്തുന്നതിനു മുമ്പുള്ള വിൽപനയിലൂടെ 190 കോടി സമാഹരിക്കാൻ ഉദ്ദേശ്യമുണ്ടെന്നു പ്രോസ്പെക്ടസിൽ പറയുന്നു. അതു സാധ്യമായാൽ ഐപിഒ വഴിയുള്ള സമാഹരണ ലക്ഷ്യത്തിൽ കുറവു വരുത്തും.

സംരംഭകരുടെയും ഗ്രേറ്റർ പസഫിക് ക്യാപ്പിറ്റൽ എന്ന വിദേശ ധനസ്ഥാപനത്തിന്റെയും പക്കലുള്ളതാണ് ഒഎഫ്എസ് വിഭാഗത്തിൽ വിൽക്കാൻ ഉദ്ദേശിക്കുന്ന ഓഹരികൾ. സമാഹരിക്കുന്ന തുക മൂലധന അടിത്തറ വിപുലപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കു വിനിയോഗിക്കും. രാജ്യത്തെ ഏറ്റവും വലിയ മൈക്രോഫിനാൻസ് കമ്പനികളിലൊന്നാണു മുത്തൂറ്റ് മൈക്രോഫിൻ.

### 999 രൂപയ്ക്ക് 4ജി ഫോൺ; 'ജിയോ ഭാരത്' എത്തി

**മുംബൈ:** കുറഞ്ഞ വിലയിൽ 4ജി ഫീച്ചർ ഫോൺ 'ജിയോ ഭാരത്' അവതരിപ്പിച്ച് റിലയൻസ് ജിയോ. 999 രൂപയാണ് വില. രാജ്യത്തെ ടെലികോം രംഗത്ത് വിപ്ലവകരമായ നീക്കമാണ് ജിയോ നടത്തിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ 10 ലക്ഷം ഫോണുകൾ പുറത്തിറക്കും. 7ന് വിൽപന ആരംഭിക്കും. '2ജി മുക്ത് ഭാരത്' എന്ന കമ്പനിയുടെ ലക്ഷ്യത്തിലെ സുപ്രധാന ചുവടുവയ്പ്പാണ് 'ജിയോ ഭാരത്' ഫോൺ.

123 രൂപയുടെ 28 ദിവസത്തെ ഡേറ്റ+അൺലിമിറ്റഡ് കോളിങ് പ്ലാനും പുറത്തിറക്കി. ഇതിൽ 14 ജിബി ഡേറ്റ ഉപയോഗിക്കാം. 1234 രൂപയുടെ വാർഷിക പ്ലാനിൽ 168 ജിബി ഡേറ്റ ലഭിക്കും. ജിയോ സിനിമ, ജിയോ പേ യുപിഐ അടക്കമുള്ള സേവനങ്ങളും ഫോണിൽ ലഭിക്കും. 0.3 മെഗാപിക്സലിന്റെ ക്യാമറയുള്ള ഫോണിന് 1000 എംഎഎച്ചിന്റെ ബാറ്ററിയാണ്. 128 ജിബി വരെ മെമ്മറി വർധിപ്പിക്കാം.



## കുറഞ്ഞ നിരക്ക്, മികച്ച വേഗം, വരുന്നു വന്ദേ സാധാരൺ

### തിരഞ്ഞെടുത്ത റൂട്ടുകളിൽ എറണാകുളം ഗുവാഹത്തിയും

**പത്തനംതിട്ട :** വന്ദേഭാരത് എസി ട്രെയിനുകൾക്കു പിന്നാലെ നിരക്കു കുറവുള്ള വന്ദേ സാധാരൺ ട്രെയിനുകളോടിക്കാൻ റെയിൽവേ. ഏറ്റവും തിരക്കേറിയ സെക്ടറുകളിലാണ് നോൺ എസി വന്ദേ സാധാരൺ ട്രെയിനുകൾ സർവീസ് നടത്തുക. ഇതിനായി തിരഞ്ഞെടുത്ത 9 റൂട്ടുകളിൽ എറണാകുളം ഗുവാഹത്തിയും ഇടംപിടിച്ചിട്ടുണ്ട്.

വന്ദേഭാരതിന് മുന്തിയ പരിഗണന നൽകുന്നതിനാൽ സാധാരണക്കാരായ യാത്രക്കാരെ റെയിൽവേ കൈവിട്ടെന്ന പരാതി ഉയർന്നിരുന്നു. ദീർഘദൂര ട്രെയിനുകളിൽ ജനറൽ കോച്ചുകളുടെ എണ്ണം കുറച്ചതോടെ സെക്കൻഡ് ക്ലാസ് യാത്രക്കാർ അനധികൃതമായി എസി കോച്ചുകളിൽ പ്രവേശിക്കുന്നെന്ന പരാതിയും വ്യാപകമായിരുന്നു. ഇത്തരം ആക്ഷേപങ്ങൾ കൂടി കണക്കിലെടുത്താണ് റെയിൽവേ സാധാരണക്കാർക്കായി പ്രത്യേക ട്രെയിൻ പുറത്തിറക്കുന്നത്.

ഏതാനും കോച്ചുകളിൽ റിസർവേഷൻ ഉണ്ടായിരിക്കും. വന്ദേ ഭാരതിന്റെ വേഗമുണ്ടായിരിക്കുമെങ്കിലും ട്രെയിൻ എസിയായിരിക്കില്ല. 24 കോച്ചുകളുള്ള വന്ദേ സാധാരൺ ട്രെയിൻ കൂടുതൽ വേഗം കൈവരിക്കാനായി പുഷ് പുൾ രീതിയിൽ മുന്നിലും പിന്നിലും എൻജിൻ ഘടിപ്പിച്ചാകും സർവീസ് നടത്തുക.

സിസിടിവി ക്യാമറ, ബയോ വാക്വം ശുചിമുറികൾ എന്നിവയുണ്ടാകും. ഓട്ടമാറ്റിക് വാതിലുകളുള്ള ആദ്യ നോൺ എസി ട്രെയിനാകും വന്ദേ സാധാരൺ. തിരക്കു കൂടിയ റൂട്ടുകളിൽ അതിഥിത്തൊഴിലാളികളായ യാത്രക്കാർ വാതിൽപടിയിൽ നിന്നു വീണു മരിക്കുന്ന സംഭവങ്ങൾ ഇതുവഴി ഒഴിവാകും.

65 കോടി രൂപയാണു വന്ദേ സാധാരൺ ട്രെയിനിന്റെ നിർമാണച്ചെലവ്. ഒക്ടോബറിൽ ആദ്യ റേക്ക് പുറത്തിറങ്ങുമെന്നാണു പ്രതീക്ഷിക്കുന്നത്. തുടക്കത്തിൽ ആഴ്ചയിൽ ഒന്നു വീതമുള്ള സർവീസായിട്ടാകും എറണാകുളം ഗുവാഹത്തി ആരംഭിക്കുക.

പുതിയ കോച്ചുകൾ ലഭിക്കുന്നതു വരെ സാധാരണ കോച്ചുകളുമായി സർവീസ് നേരത്തെ തുടങ്ങാനും സാധ്യതയുണ്ട്.

### 5ജി ടവറുകൾ; കേരളത്തിൽ 13,000 കടന്നു; രാജ്യമാകെ 2.75 ലക്ഷം

**ന്യൂഡൽഹി:** കേരളത്തിലെ 5ജി ടവറുകളുടെ എണ്ണം 13,000 കടന്നു. ഡിസംബർ മുതലാണ് കേരളത്തിൽ 5ജി ടവറുകൾ സജ്ജമായിത്തുടങ്ങിയത്. ഇതനുസരിച്ചാണെങ്കിൽ പ്രതിദിനം 60 എണ്ണം എന്ന കണക്കിലാണ് കേരളത്തിൽ ടവറുകൾ സജ്ജമായത്. രാജ്യമാകെ 2.75 ലക്ഷം മൊബൈൽ ടവറുകളിലാണ് നിലവിൽ 5ജി ലഭ്യമാകുന്നത്.

രാജ്യമാകെ ഓരോ മിനിറ്റിലും ഓരോ ടവർ എന്ന കണക്കിലാണ് 5ജി സജ്ജമാക്കിയതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. മഹാരാഷ്ട്രയിലാണ് ഏറ്റവുമധികം 5ജി ടവറുകൾ, 29,160 എണ്ണം. തൊട്ടുപിന്നിൽ യുപി; 27,122. റിലയൻസ് ജിയോയുടേതാണ് രാജ്യത്തെ ബഹുഭൂരിപക്ഷം 5ജി ടവറുകളും.





# കൊളവള്ളി കേന്ദ്രമാക്കി ഇക്കോ ടൂറിസം കേന്ദ്രം

**പുൽപള്ളി:** കബനിപ്പുഴയും കടുവ സങ്കേതങ്ങളും അതിർത്തി തിരിക്കുന്ന കൊളവള്ളി കേന്ദ്രമാക്കി ഇക്കോ ടൂറിസം കേന്ദ്രം ആരംഭിക്കാനുള്ള നീക്കങ്ങളാരംഭിച്ചു. പ്രദേശത്തെ ഗോത്ര സമൂഹത്തിന്റെയും തൊഴിലാളികളുടെയും പുനരധിവാസം ഉറപ്പാക്കി കുറുവ മാതൃകയിൽ ഇക്കോടൂറിസം കേന്ദ്രമാക്കി മാറ്റാനാണ് ആലോചന.ഇതിന്റെ ആദ്യ പടിയായി ആദിവാസി വനസംരക്ഷണ സമിതിയുണ്ടാക്കുമെന്നു വനപാലകർ അറിയിച്ചു. വനംവകുപ്പ് ഉടമസ്ഥതയിൽ ഇവിടെയുള്ള 33 ഏക്കർ പരിസ്ഥിതിക്ക് അനുയോജ്യമായ സഞ്ചാരകേന്ദ്രമാക്കാനും അതുവഴി ഗോത്രസമൂഹത്തിനു വരുമാനമുണ്ടാക്കാനുമാണ് ലക്ഷ്യം.

കബനിയും വനമേഖലയും മനോഹര കാഴ്ചയൊരുക്കുന്ന കൊളവള്ളിയിൽ ദിവസവും ഒട്ടേറെ സഞ്ചാരികളെത്തുന്നുണ്ട്. വണ്ടിക്കടവ് മാവിലാംതോട്ടിലെത്തുന്ന ഭൂരിപക്ഷം പേരും കൊളവള്ളി പുഴയോരത്തുമെത്തുന്നു.പുൽപള്ളിയിൽ നിന്നു മാവിലാംതോട് വഴി ഇവിടേക്ക് പുതിയ ടൂറിസം റൂട്ടും രൂപപ്പെട്ടിട്ടുണ്ട്. ഗ്രാമീണ ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ പ്രദേശത്തിനും വികസനനേട്ടമുണ്ടാവും. കബനിയിൽ മീൻപിടിത്തം, ചങ്ങാട സർവീസ്, പുഴയോരത്തുകൂടി നടപ്പാത, നിരീക്ഷണ ഗോപുരം, ഇക്കോപാർക്ക്, ഗോത്ര ഭക്ഷ്യപാർക്ക്, വയോജന പാർക്ക് എന്നിവയെല്ലാം ആരംഭിക്കാനാവും.കബനിക്കര കേന്ദ്രീകരിച്ചുള്ള മദ്യക്കടത്ത്, സാമൂഹിക വിരുദ്ധ ശല്യം, കാട്ടാനശല്യം എന്നിവയ്ക്കെല്ലാം ഇതിലൂടെ പരിഹാരമുണ്ടാക്കാനാവും.

ഉത്തരമേഖലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.എസ്.ദീപയും സംഘവും കഴിഞ്ഞ ദിവസം കൊളവള്ളി സന്ദർശിച്ചു. വനസംരക്ഷണ സമിതിയുണ്ടാക്കി തുടർ നടപടിയെടുക്കാനാണ് തീരുമാനം. കുറുവ മാതൃകയിൽ ഗോത്രവിഭാഗക്കാർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനാണ് മുൻഗണന. സൗത്ത് വയനാട് ഡിഎഫ്ഒ ഷജ്ന കരിം, നോർത്ത് വയനാട് ഡിഎഫ്ഒ. മാർട്ടിൽ ലോവൽ, ചെതലയം റേഞ്ച് ഓഫിസർ കെ.പി. അബ്ദുൽ സമദ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു സന്ദർശനം.

## എലിപ്പനി ശ്രദ്ധിച്ചില്ലെങ്കിൽ ഏറെ അപകടം

എലിപ്പനി ശ്രദ്ധിച്ചില്ലെങ്കിൽ ഏറെ അപകടകരമായിരിക്കുമെന്നും ജാഗ്രത പുലർത്തണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ.എൽ. അനിതകുമാരി അറിയിച്ചു. ചികിത്സ തേടാൻ വൈകുന്നത് രോഗം സങ്കീർണമാവുന്നതിനും മരണത്തിനും കാരണമാകും.എലി, നായ, കന്നുകാലികൾ തുടങ്ങിയ ജീവികളുടെ മൂത്രം, ജലമോ, മണ്ണോ, മറ്റ് വസ്തുക്കളോ വഴിയുള്ള സമ്പർക്കത്തിലൂടെയാണ് എലിപ്പനി പകരുന്നത്. കന്നുകാലി പരിചരണത്തിൽ ഏർപ്പെടുന്നവർ, കൃഷിപ്പണിയിൽ ഏർപ്പെടുന്നവർ, ശുചീകരണത്തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർ, കെട്ടിട നിർമാണത്തൊഴിലാളികൾ, കെട്ടിക്കിടക്കുന്ന വെള്ളത്തിലോ, മലിനമായ ജലാശയങ്ങളിലോ മീൻ പിടിക്കാൻ ഇറങ്ങുന്നവർ, മലിനമായ മണ്ണുമായും വെള്ളവുമായും സമ്പർക്കത്തിൽ വരുന്ന ജോലികളിൽ ഏർപ്പെടുന്നവർ തുടങ്ങിയവർക്കെല്ലാം എലിപ്പനി ബാധിക്കാൻ സാധ്യത കൂടുതലാണ്.

കൈകാലുകളിലുണ്ടാകുന്ന പോറലുകൾ, മുറിവുകൾ എന്നിവയിലൂടെ രോഗാണു ശരീരത്തിൽ പ്രവേശിക്കാം. കണ്ണിലുള്ള പോറലുകളിൽ കൂടിപ്പോലും മുഖം കഴുകുമ്പോൾ രോഗബാധ ഉണ്ടാകാം. പനി, പേശിവേദന (കാൽ വണ്ണയിലെ പേശികൾ), തലവേദന, ഛർദ്ദി, കണ്ണ്ചുവപ്പ്, വിശപ്പില്ലായ്മ തുടങ്ങിയവയാണ് എലിപ്പനിയുടെ പ്രാരംഭലക്ഷണങ്ങൾ. ഈ ലക്ഷണങ്ങൾ കാണുമ്പോൾതന്നെ ശരിയായ ചികിത്സ നൽകിയാൽ രോഗം പൂർണമായും ഭേദമാക്കാവുന്നതാണ്.

### പ്രതിരോധ മാർഗങ്ങൾ

കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ഇറങ്ങുന്നതും കുളിക്കുന്നതും ഒഴിവാക്കുക. കാലിലോ, ശരീരത്തിലോ മുറിവുള്ളപ്പോൾ വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ഇറങ്ങാതെ ശ്രദ്ധിക്കുക. ഒഴിവാക്കാൻ പറ്റാത്തസാഹചര്യങ്ങളിൽ ഗം ബൂട്ടുകൾ, കൈയുറകൾ എന്നിവ ഉപയോഗിക്കുക.

ഭക്ഷണ സാധനങ്ങളും വെള്ളവും എലി മൂത്രവും വിസർജ്യവും കലരാത്ത രീതിയിൽ മൂടിവയ്ക്കുക. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കുക.

മലിനജലവുമായി സമ്പർക്കത്തിൽ വരുന്ന ജോലികളിൽ ഏർപ്പെടുന്നവർ, വിനോദത്തിനായി മീൻ പിടിക്കാൻ ഇറങ്ങുന്നവർ, ക്ഷീര കർഷകർ തുടങ്ങിയവർ എലിപ്പനി മുൻകരുതൽ മരുന്നായ ഡോക്സിസൈക്ലിൻ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കണം.

പനിയോ മറ്റു രോഗ ലക്ഷണങ്ങളോ കണ്ടാൽ സ്വയംചികിത്സ ഒഴിവാക്കി ആശുപത്രിയിലെത്തി ചികിത്സതേടണമെന്നും ഡോക്ടറോട് തൊഴിൽ പശ്ചാത്തലം പറയുന്നത് പെട്ടെന്നുള്ള രോഗനിർണയത്തിന് കൂടുതൽ സഹായകരമാവുമെന്നും ജില്ലാമെഡിക്കൽ ഓഫീസർ അറിയിച്ചു.

## വയോസേവന അവാർഡ് 2023: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി മികച്ച രീതിയിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പാക്കുന്ന സർക്കാർ/സർക്കാരിതര വിഭാഗങ്ങൾക്കും, വിവിധ കലാകായിക, സാംസ്കാരിക മേഖലകളിൽ മികവ് തെളിയിച്ച മുതിർന്ന പൗരന്മാർക്കും വയോ സേവന അവാർഡ് 2023ന് അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30.

മികച്ച വയോജന സേവനം നടത്തിയ കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്ത്, മികച്ച സർക്കാർ ഇതര സ്ഥാപനം, മെയിന്റനൻസ് എന്നിവയ്ക്ക് അപേക്ഷിക്കാം.

മികച്ച വൃദ്ധസദനം, സ്പോർട്സ്, ആർട്സ്, കല,സാഹിത്യം, സാംസ്കാരിക രംഗങ്ങളിൽ മികവ് തെളിയിച്ച മുതിർന്ന പൗരന്മാർ എന്നിങ്ങനെ 11 വിഭാഗങ്ങളിലായാണ് അവാർഡ് നൽകുന്നത്.

വയോജനസേവന മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ ജില്ലാ പഞ്ചായത്ത്, മെയിന്റനൻസ് ട്രൈബ്യൂണലുകൾ എന്നീ കാറ്റഗറികളിലുള്ള അപേക്ഷകൾ നേരിട്ട് സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷ നൽകണം.

മറ്റു വിഭാഗങ്ങളിലെ നാമനിർദ്ദേശങ്ങൾ ജില്ലാ സാമൂഹിക നീതി ഓഫീസർക്ക് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.swdkerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2425377



# സൂര്യകാന്തിപ്പാടമായി ദേശീയപാതയോരം

**ബത്തേരി:** കാടുപിടിച്ചു കിടന്ന വഴിയോരത്തു കണ്ണിനു കുളിരേകി നൂറുകണക്കിനു സൂര്യകാന്തിപ്പൂക്കൾ വിടർന്നു. രണ്ടാഴ്ചയായി ഫോട്ടോ സ്പോട്ടായി മാറിയിരിക്കുകയാണു മൂലങ്കാവ് ക്ലൂണി പബ്ലിക് സ്കൂളിന് മുൻവശത്തെ ദേശീയപാതയോരം. ബത്തേരി മൈസൂരു ദേശീപാതയിലൂടെ എത്തുന്ന സഞ്ചാരികൾ പൂപ്പാടം കാണുന്നതോടെ വാഹനങ്ങളുടെ വേഗത കുറയ്ക്കും. പിന്നെ സ്ഥലത്തിറങ്ങി പൂക്കളോട് ചേർന്ന് ചിത്രമെടുത്തു മടങ്ങും.

മൂലങ്കാവ് സെന്റ് ജൂ!ഡ് അയൽക്കൂട്ടവും ക്ലൂണി പബ്ലിക് സ്കൂളും ചേർന്നാണ് കാടുപിടിച്ചു കിടന്ന വഴിയോരം വൃത്തിയാക്കി സൂര്യകാന്തിയുടെ വിത്തുകൾ വിതച്ചത്. വൃത്തിഹീനമായിക്കിടക്കുന്ന പൊതു സ്ഥലങ്ങൾ വിവിധ സംഘടനകൾ ശ്രമിച്ചാൽ ഇത്തരത്തിൽ മനോഹരമാക്കാമെന്ന് സെന്റ് ജൂഡ് അയൽക്കൂട്ടം പ്രസിഡന്റ് സണ്ണി വിളക്കുന്നേൽ പറയുന്നു. സ്ഥലങ്ങൾ കണ്ടെത്തി കൂടുതൽ പൂച്ചെടികൾ വ്യാപിപ്പിക്കണമന്നാണ് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

## കൊച്ചിൻ ഷിപ് യാർഡിൽ പഠിക്കാം, ജോലിനേടാം

2020, 21, 22 വർഷത്തിൽ ഐടിഐ കഴിഞ്ഞവർക്ക് കൊച്ചിൻ ഷിപ് യാർഡിൽ പഠനവും ജോലിയും നേടാൻ സഹായിക്കുന്ന മറൈൻ സ്ട്രക്ച്ചറൽ ഫിറ്റർ കോഴ്സിലേക്ക് അഡ്മിഷൻ ആരംഭിച്ചു. ആറ് മാസം ദൈർഘ്യമുള്ള കോഴ്സിൽ ഫിറ്റർ, ഷീറ്റ് മെറ്റൽ, വെൽഡർ (ചടരുഎ) കോഴ്സുകൾ പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം.

ആദ്യ രണ്ടു മാസം തിരഞ്ഞെടുത്ത പോളിടെക്നിക്ക് കോളേജുകളിലും (സെൻട്രൽ പോളിടെക്നിക്ക് കോളേജ് വട്ടിയൂർക്കാവ്, ഗവ. പോളിടെക്നിക്ക് കോളേജ് കളമശേരി, കേരള ഗവ. പോളിടെക്നിക് കോളേജ് കോഴിക്കോട്) തുടർന്നുള്ള മൂന്നുമാസം കൊച്ചിൻ ഷിപ് യാർഡിലും ആയിരിക്കും പരിശീലനം നടക്കുക. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾ കോച്ചിൻ ഷിപ്യാർഡിൽ ജോലി ലഭിക്കത്തക്ക രീതിയിലാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. എൻസിവിഇടി യും അസാപും കൊച്ചിൻ ഷിപ് യാർഡും നൽകുന്ന സർട്ടിഫിക്കറ്റുകളും ഇവർക്ക് ലഭിക്കും. 30 വയസാണ് പ്രായപരിധി. കൂടാതെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പൂർണമായും സ്കോളർഷിപ്പ് നേടാനും അവസരം ഒരുക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അസാപ് കേരള വെബ്സൈറ്റ് ആയ www.asapkerala.gov.in സന്ദർശിക്കുകയോ 9495219570, 9778598336 നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവർത്തി പരിചയം നേടുന്നതിന് അവസരം

**പത്തനംതിട്ട:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവതി, യുവാക്കൾക്ക് ജോലി നേടുന്നതിന് പ്രവർത്തി പരിചയം സ്വന്തമാക്കുന്നതിന് അവസരം. ജില്ലാ പഞ്ചായത്തിലേയും നഗരസഭ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗം, ആശുപത്രികൾ, മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ തൊഴിൽ പരിചയം നൽകുന്നതിന് 202324 വർഷം ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന ് അംഗീകാരം ലഭിച്ചിട്ടുണ്ട്. ബിഎസ്സി നഴ്സിംഗ്, ജനറൽ നഴ്സിംഗ്, എംഎൽടി, ഫാർമസി, റേഡിയോഗ്രാഫർ, എഞ്ചിനീയറിംഗ്, പോളിടെക്നിക്, ഐടിഐ, അംഗീകൃത തെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ് തുടങ്ങിയ വിദ്യാഭ്യാസ യോഗ്യതയുള്ള 40 വയസിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി, യുവാക്കൾ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 0468 2322712.



# കേരളത്തിൽ നാടും നഗരവും ഭേദമില്ലാതെ നട്ടുവളർത്തുന്നു, കടുത്ത മത്സരത്തിന് റംബുട്ടാൻ

അതിരപ്പിള്ളിയുടെ പാതയോരം ഇനി റംബൂട്ടാൻ വിൽപ്പനയുടെ നിറപ്പകിട്ടിൽ. പരിയാരം മുതൽ വെറ്റിലപ്പാറ വരെ ഇനി രണ്ട് മാസക്കാലം ചാലക്കുടിയുടെ രുചിയേറും ബ്രാൻഡ് കച്ചവടം പൊടിപൊടിക്കും.

വെള്ളച്ചാട്ട സന്ദർശനത്തിനെത്തുന്ന വിനോദ സഞ്ചാരികളുടെ ഇഷ്ടപ്പെട്ട വിഭവമാണ് റംബൂട്ടാൻ. ഏപ്രിൽ അവസാനത്തിൽ 350 രൂപയായിരുന്നെങ്കിൽ ഇപ്പോളത് കിലോയ്ക്ക് 200 രൂപയാണ്. റംബൂട്ടാൻ കൃഷിയുടെ ക്രമാതീത വർദ്ധന വിൽപ്പനക്കാരുടെ എണ്ണത്തിലും പ്രകടമാണ്. അതിനാൽ ഇനിയും വിലയിടിവുണ്ടായാലും അത്ഭുതമില്ല. ശനിയും ഞായറും നൂറോളം പേരുണ്ട് വിൽപ്പനയ്ക്ക്.

ഭൂരിഭാഗം പേരും സ്വന്തം പറമ്പിൽ നിന്നും പറിച്ചാണ് വിൽപ്പനയെങ്കിലും ചിലർ ഇടനിലക്കാരാണ്. തുലാസും മേശയും വച്ച് റംബൂട്ടാൻ കുലയും ഉയർത്തിക്കാട്ടിയുള്ള കച്ചവടം കുളിരുള്ള കാഴ്ചയാണ്.പടർന്ന് പന്തലിക്കുന്ന റംബൂട്ടാൻ കൃഷി ഭാവിയിൽ വലിയ കിടമത്സരത്തിന് വഴിവയ്ക്കും. മലയോര പ്രദേശങ്ങളിൽ മാത്രമല്ല, ഇപ്പോൾ നാടും നഗരവവുമില്ലാതെ തൈ നട്ടുവളർത്തുന്നു. മൂന്ന് വർഷത്തിനകം കായ്ക്കും. പ്രത്യേക സങ്കരയിനങ്ങൾ ഒന്നര വർഷത്തിനകം പുഷ്പിക്കും. വേപ്പിൻ പിണ്ണാക്ക്, ചാണകം എന്നിവ കലർത്തിയ മിശ്രിതം തയ്യാറാക്കി വെള്ളത്തിൽ കലക്കി രണ്ടാഴ്ച കൂടുമ്പോൾ വളമായി നൽകണം. വേനലിൽ പത്ത് ദിവസത്തിലൊരിക്കൽ ചെറുനനയും, പൂത്ത് കഴിഞ്ഞാൽ ആഴ്ചതോറും കാര്യമായ വെള്ളമൊഴിക്കലും വേണം. ഒരു മാസം വൈകിയാണ് ഇക്കുറി ഇവ പാകമായത്. വിലക്കുറവിന് ഇതും കാരണമാകുന്നുണ്ടെന്ന് കർഷകർ കരുതുന്നു. കൃഷി വകുപ്പിന്റെ പ്രത്യേക സംരക്ഷണം ഇതിന് വേണമെന്ന് കർഷകർ ഇതിനകം ആവശ്യം ഉന്നയിച്ചിട്ടുണ്ട്.



## ആട്ടിൻകുട്ടികളെയും പോത്തിൻകുട്ടികളെയും സൗജന്യമായി നൽകുന്നു പദ്ധതിയിൽ ഉടൻ രജിസ്റ്റർ ചെയ്യാം

അന്യനാട്ടിൽ നിന്ന് കൊണ്ടുവരുന്ന രോഗം ബാധിച്ച കാലികളുടെ ഇറച്ചി ഭക്ഷിക്കുന്നതിൽ നിന്ന് മലയാളികളെ രക്ഷിക്കാൻ ബൈ ബാക്ക് പദ്ധതിയുമായി മീറ്റ് പ്രോഡക്ടസ് ഒഫ് ഇന്ത്യ. ആടിനെയും പോത്തിനെയും സൗജന്യമായി തരും. ഒരു വർഷം വളർത്തിക്കഴിഞ്ഞാൽ മാർക്കറ്റ് വില തന്ന് തിരിച്ചെടുക്കും. അത് ഇറച്ചിയാക്കി നാട്ടിലെങ്ങും ലഭ്യമാക്കും. ഇതിനായി 1000 ഔട്ട്ലറ്റുകൾ ആരംഭിക്കും.ആദ്യഘട്ടത്തിൽ അഞ്ഞൂറോളം കർഷകർക്കാണ് രണ്ട് പോത്തിൻ കിടാക്കളയോ അഞ്ച് പെൺ ആട്ടിൻകുട്ടികളെയോ സൗജന്യമായി നൽകുന്നത്.

ബൈ ബാക്കെറ്ററിനറി ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയ ഒരുവയസുള്ള രണ്ട് മുറ പോത്തിൻകുട്ടികളെയോ ഒമ്പത് മാസം പ്രായമുള്ള അഞ്ച് മുന്തിയ പെൺ ആട്ടിൻകുട്ടികളെയോ സൗജന്യമായി നൽകും.12 മാസമാണ് വളർത്തുകാലാവധി. തുടർന്ന് കർഷകന് മാർക്കറ്റ് വില നൽകി തിരിച്ചെടുക്കും. വളർത്താൻ കൊടുത്ത സമയത്തെ വില അപ്പോൾ ഈടാക്കും.വളർത്തിയെടുക്കുന്ന പോത്ത്, ആട് എന്നിവയെ കുട്ടികളായിരുന്നപ്പോഴുള്ള വില വസൂലാക്കി മാർക്കറ്റ് വിലയ്ക്ക് തിരിച്ചെടുക്കും.കർഷകർക്ക് ഇരട്ടി ലാഭം100 കിലോയുള്ള പോത്തിൻ കുട്ടിക്ക് 15,000 രൂപയാണ് മീറ്റ് പ്രൊഡക്ട്സ് ഒഫ് ഇന്ത്യ വില കണക്കാക്കുന്നത്.

ഒരുവർഷം കൊണ്ട് ഇവയുടെ തൂക്കം 300 കിലോയാകും. കിടാരിവില, പ്രോസസിംഗ്, ട്രാൻസ്പോർട്ടിംഗ് ചാർജുകൾ എന്നിവ കിഴിച്ചാൽ ഇറച്ചിക്ക് കിലോ150 രൂപ കണക്കാക്കിയാൽപ്പോലും കർഷകന് കുറഞ്ഞത് 30,000 രൂപ കിട്ടും. ആടാണെങ്കിൽ പ്രസവിക്കുന്ന കുട്ടികളെ കർഷകർക്ക് സ്വന്തമാക്കുകയും ചെയ്യാം.മറ്റ് നേട്ടങ്ങൾ. കന്നുകാലി കർഷകർക്ക് തൊഴിലും വരുമാനവും. ശാസ്ത്രീയമായി കശാപ്പ് ചെയ്ത മാംസം ലഭ്യമാക്കാം. ഇറച്ചിയിലും കന്നുകാലി സമ്പത്തിലും സ്വയംപര്യാപ്തരാകാം. വിഷരഹിത, ഭക്ഷ്യയോഗ്യമായ മാംസം കഴിക്കാം. ഇറച്ചിവ്യാപാരം പുഷ്ടിപ്പെടുത്താംഅപേക്ഷിക്കാൻ mpiedayar@gmail.comഎന്ന ഈ മെയിൽ വിലാസത്തിൽ ഈമാസം 31 വരെ അപേക്ഷിക്കാം. വിവരങ്ങൾക്ക് meatproductsofindia.com വെബ്സൈറ്റ് സന്ദർശിക്കുക.

# കർഷകരെ കണ്ണീരിലാഴ്ത്തി നാളികേരം: ഉപഭോക്താക്കൾക്കു പ്രിയം വിദേശ ഭക്ഷ്യയെണ്ണകൾ

വിദേശ ഭക്ഷ്യയെണ്ണകൾക്ക് മുന്നിൽ പിടിച്ചു നിൽക്കാനാവാതെ വെളിച്ചെണ്ണ വഴുതുന്നു. പാചക ആവശ്യങ്ങൾക്ക് മലയാളി വില കുറഞ്ഞ മറുനാടൻ എണ്ണകളെ കൂടുതലായി ആശ്രയിച്ചതോടെ പച്ചത്തേങ്ങ വില ഓരോ വർഷം പിന്നിടും തോറും താഴ്ന്ന തലങ്ങളിലേക്ക് നീങ്ങാൻ നിർബന്ധിതമായി.

കാലവർഷത്തിന് തുടക്കം കുറിക്കുന്നതോടെ തേങ്ങാവെട്ട് സ്തംഭിക്കുന്നതിനാൽ കൊപ്ര തളർച്ചയിൽനിന്നു തിരിച്ചുവരവ് കാഴ്ചവയ്ക്കുന്ന ചരിത്രവും പഴങ്കഥയാകുന്നു. കൊപ്രയ്ക്ക് വ്യവസായിക ഡിമാൻഡ് മങ്ങിയതോടെ നിലവിൽ വെളിച്ചെണ്ണയ്ക്ക് 10,000 രൂപയിലെ നിർണ്ണായക താങ്ങ് നഷ്ടപ്പെടുമെന്ന ആശങ്കയിലാണ് ഉൽപാദകർ.



രാജ്യത്തെ വൻകിട ചെറുകിട കൊപ്രയാട്ട് വ്യവസായികൾ കരുതലോടെയാണ് നീങ്ങുന്നത്. കിലോ 71 രൂപയ്ക്ക് പോലും കൊപ്രയ്ക്ക് ആവശ്യം ചുരുങ്ങിയെന്നു കണ്ട് വൻകിട മില്ലുകാർ 102 രൂപയ്ക്കും 103 രൂപയ്ക്കും വരെ മുൻകൂർ കച്ചവടങ്ങൾ വഴി വെളിച്ചെണ്ണ വിറ്റഴിക്കാനുള്ള ശ്രമത്തിലാണ്. കൈവശമുള്ള എണ്ണ എത്രയും വേഗത്തിൽ ഒഴിവാക്കാൻ തമിഴ്നാട്ടിലെ വ്യവസായികളുടെ നീക്കം കേരളത്തിലെ മില്ലുകാരെയും ആശങ്കയിലാക്കി. ഇതിനിടെ കഴിഞ്ഞ സീസണിൽ സംഭരിച്ച കൊപ്രയിൽ ഏതാണ്ട് 600 ടൺ നാഫെഡിൽ കെട്ടികിടക്കുന്നുണ്ടെന്ന സൂചന മില്ലുകാരിലെ സമ്മർദ്ദം ഇരട്ടിപ്പിച്ചു.

അതുകൊണ്ട് തന്നെ മുന്നിലുള്ള സീസണിലും ഉൽപാദനം ഉയരാം. കർഷക കുടുംബങ്ങൾ കൊപ്രയാട്ടി വെളിച്ചെണ്ണ വിൽപ്പനയ്ക്ക് മുന്നിട്ടിറങ്ങിയാലെ കാർഷികച്ചെലവുകളെ മറികടക്കാൻ കേരളത്തിനാവൂ.

അന്താരാഷ്ട്ര മാർക്കറ്റിൽ വെളിച്ചെണ്ണ കനത്ത വെല്ലുവിളിയിലാണ്. വിപണി നിയന്ത്രണം ഫിലിപ്പീൻസിന്റെ കരങ്ങളിലാണെങ്കിലും അവരും പ്രതിസന്ധികൾക്കു മുന്നിൽ നക്ഷത്രമെണ്ണുന്നു. കയറ്റുമതി ലക്ഷ്യം പൂർത്തിയാക്കാൻ ക്ലേശിച്ചതോടെ വെളിച്ചെണ്ണ സ്റ്റോക്ക് ഉയർന്നു. ചുരുങ്ങിയ മാസങ്ങളിൽ വില ടണ്ണിന് 500 ഡോളർ ഇടിഞ്ഞു. 2022ൽ ടണ്ണിന് 1635 ഡോളർ വരെ കയറിയ വെളിച്ചെണ്ണ ഇതിനകം 1047 ഡോളറിലേക്ക് താഴ്ന്നിട്ടും ആവശ്യം ഉയരുന്നില്ലെന്നാണ് കയറ്റുമതി മേഖലയിൽ നിന്നുള്ള വിവരം.



# കേരളത്തിൽ കനത്ത മഴ; വിവിധ ഡാമുകൾ തുറക്കുന്നു

**തിരുവനന്തപുരം:** സംസ്ഥാനത്തുടനീളം ശക്തമായ മഴ തുടരുന്നു. അതിശക്തമായ മഴയ്ക്കു സാധ്യതയുള്ളതിനാൽ ഇന്നു തിരുവനന്തപുരവും കൊല്ലവും ഒഴികെ 12 ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. കൊല്ലത്തു യെലോ അലർട്ട് ഉണ്ട്. മഴ കനത്ത് ജലനിരപ്പ് ഉയർന്നതോടെ കേരളത്തിൽ വിവിധ ഡാമുകൾ തുറന്നു. പത്തനംതിട്ടയിൽ മണിയാർ ഡാം തുറന്ന സാഹചര്യത്തിൽ പമ്പ, കക്കാട്ടാർ തീരങ്ങളിൽ വസിക്കുന്നവർക്കായി ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു. ഇടുക്കിയിലെ കല്ലാർകുട്ടി ഡാം തുറന്നു. രണ്ട് ഷട്ടറുകൾ 15 സെന്റി മീറ്റർ വീതം ഉയർത്തി. പാംബ്ല ഡാമും ഉടൻ തുറക്കുമെന്നാണ് വിവരം. പെരിയാർ, മുതിരപ്പുഴ തീരവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി.

കനത്ത മഴ കണക്കിലെടുത്ത് കണ്ണൂർ, തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെയും കുട്ടനാട് താലൂക്കിലെയും പ്രഫഷനൽ കോളജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. കാസർകോട് ജില്ലയിൽ കോളജുകൾ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിയാണ്. പത്തനംതിട്ട ജില്ലയിലെയും ചെങ്ങന്നൂർ താലൂക്കിലെയും ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു. എംജി, കണ്ണൂർ, സാങ്കേതിക (കെടിയു) സർവകലാശാലകൾ ഇന്നത്തെ എല്ലാ പരീക്ഷകളും മാറ്റി. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ഇന്ന് ആരംഭിക്കാനിരുന്ന ഒന്നാം വർഷ പിജി ക്ലാസുകൾ നാളെയേ ആരംഭിക്കൂ.

കേരളത്തിൽ മഴ ശക്തമായ സാഹചര്യത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പൊതുജനങ്ങൾക്കായി ജാഗ്രത നിർദേശം പുറപ്പെടുവിച്ചു. മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിത സ്ഥലത്തേക്ക് മാറി താമസിക്കണം. അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ഉറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രത്യേക ജാഗ്രത പാലിക്കണം. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ ദുരിതാശ്വാസ ക്യാംപുകൾ തുറന്നു. കുട്ടനാട്ടിലും പെരിയാറിലും ജലനിരപ്പ് ഉയർന്നു. ഇടുക്കിയിൽ രാത്രി 7 മുതൽ പുലർച്ചെ 6 വരെ യാത്രകൾ നിരോധിച്ചു.

# നാശം വിതച്ച് നാടെങ്ങും മഴ

**റാന്നി :** മഴ ശക്തിപ്പെട്ടതോടെ മരങ്ങൾ പിഴുതും ഒടിഞ്ഞും വീണ് നാശം. പമ്പാനദിയിലെ കുരുമ്പൻമൂഴി കോസ്‌വേയിൽ വെള്ളം കയറി. ഇന്നലെ രാവിലെ മുതൽ പെയ്ത കനത്ത മഴയാണ് നാശം വിതച്ചത്. റാന്നികോഴഞ്ചേരി റോഡിൽ പേരൂച്ചാൽ പാലത്തിനു സമീപം തെങ്ങ് വീണ് ഗതാഗതം ഭാഗികമായി തടസ്സപ്പെട്ടു. കീക്കൊഴൂരിനും പുതമണിനും മധ്യേ തേക്ക് മരം പിഴുതു റോഡിൽ വീണ് ഗതാഗതം മുടങ്ങി. വൈദ്യുതി ലൈനുകൾ തകർത്താണ് മരം വീണത്. അഗ്നിരക്ഷാ സേനയെത്തി വെട്ടി നീക്കിയാണ് ഗതാഗതം പുനഃസ്ഥാപിച്ചത്.





കീക്കൊഴൂർ മണ്ണായിക്കൽ ബാബുവിന്റെ വീടിനു പിന്നിലെ മതിൽ മഴയിൽ തകർന്നു വീണു. ശേഷിക്കുന്ന ഭാഗവും മഴയിൽ തകരുന്ന സ്ഥിതിയാണ്. ഐത്തല ജല വിതരണ പദ്ധതിയുടെ പള്ളിക്കടവിലെ പമ്പ് ഹൗസിന്റെ പടിക്കെട്ടിലേക്ക് മരം വീണു. വൈദ്യുതി കേബിളിനു മുകളിലൂടെയാണ് മരം വീണത്. കെഎസ്ഇബി ജീവനക്കാരെത്തി മുറിച്ചു നീക്കി.

പമ്പാനദിയിലെ കുരുമ്പൻമൂഴി കോസ്‌വേയിൽ ഇന്നലെ 3.30 മുതലാണ് വെള്ളം കയറിത്തുടങ്ങിയത്. ചെറിയ തോതിൽ വെള്ളം ഉയരുന്നു. കുരുമ്പൻമൂഴി, മണക്കയം എന്നീ പ്രദേശങ്ങളിൽ കാര്യമായ ഒറ്റപ്പെടൽ ഇത്തവണ ഉണ്ടാകില്ല. പെരുന്തേനരുവി ജലവൈദ്യുതി പദ്ധതിയുടെ തടയണയ്ക്കു സമീപത്തു നിന്ന് വനത്തിലൂടെ കുരുമ്പൻമൂഴിയിലും മണക്കയത്തും എത്തുന്ന റോഡിന്റെ നവീകരണം നടക്കുന്നു. ഇതിലെ വാഹനങ്ങൾ പോകുന്നതിനു തടസ്സമില്ലാത്തത് പ്രതീക്ഷയേകുന്നു.

കനത്ത മഴയിൽ സ്വകാര്യ ബസ് സ്റ്റാൻഡിനോടു ചേർന്ന കൈത്തോട് കവിഞ്ഞ് 3 കടകളിൽ വെള്ളം കയറി. മഴ കൂടുതൽ കനത്താൽ താഴ്ന്ന ഭാഗത്തെ കടകളിലെല്ലാം വെള്ളം കയറുമെന്ന സ്ഥിതി. ഇട്ടിയപ്പാറ ബസ് സ്റ്റാൻഡിനോടു ചേർന്നൊഴുകുന്ന കൈത്തോടാണ് കര കവിഞ്ഞത്.



# കരുത്താർജിച്ച് മഴ ; ഉരുൾപൊട്ടലിന് സാധ്യത: മുന്നറിയിപ്പ്

തിരുവനന്തപുരം: കനത്ത മഴയിലും ശക്തമായ കാറ്റിലും ജില്ലയിൽ വ്യാപക നാശനഷ്ടം. ജില്ലയിൽ പലയിടങ്ങളിലായി മരങ്ങൾ കടപുഴകിയും ചില്ലകൾ വീണും പത്തോളം വീടുകൾക്ക് ഭാഗികമായ നാശനഷ്ടങ്ങൾ സംഭവിച്ചു. ആളപായമില്ല. മഴ ശക്തി പ്രാപിച്ചതോടെ മലയോര മേഖലയിൽ മണ്ണിടിച്ചിൽ ഭീഷണി നിലനിൽക്കുകയാണ്. ഉരുൾപൊട്ടലിനും സാധ്യതയുണ്ടെന്നും ജാഗ്രത പാലിക്കണമെന്നും ജില്ലാ ഭരണകൂടം അറിയിച്ചു. കെട്ടിടങ്ങൾക്കു മേൽ പാകിയ ഓടുകളും വ്യാപാരസ്ഥാപനങ്ങൾക്കു മുന്നിലെ താൽക്കാലിക നിർമിതികളും കാറ്റിൽ വീണു. വിവിധ ഭാഗങ്ങളിൽ ഗതാഗതവും തടസ്സപ്പെട്ടു.

ലൈൻ പൊട്ടിവീണു പലയിടത്തും വൈദ്യുതി ടെലിഫോൺ ബന്ധം താറുമാറായി. കനത്ത മഴയെത്തുടർന്ന് നെടുമങ്ങാട് താലൂക്കിൽ വിതുര ഗവ. ഹൈസ്കൂളിന്റെ മതിൽ ഇടിഞ്ഞുവീണു. വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്കു സാധ്യതയുണ്ടെന്ന കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയാക്കിയതായി ജില്ലാ ഭരണകൂടം അറിയിച്ചു. ക്യാംപുകൾ തുറക്കേണ്ടി വന്നാൽ ഉപ!യോഗിക്കാൻ കെട്ടിടങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

പത്തോളം വീടുകൾക്കാണ് ജില്ലയിൽ നാശനഷ്ടം സംഭവിച്ചത്. വർക്കല താലൂക്കിൽ വീടിന് മുകളിൽ തേക്ക് മരം കടപുഴകി വീണ് വീട് ഭാഗികമായി തകർന്നു. ചിറയിൻകീഴ് താലൂക്കിൽ കരവാരം, വക്കം, മുദാക്കൽ, എടക്കോട് വില്ലേജ് പരിധികളിൽ അഞ്ച് വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. തിരുവനന്തപുരം താലൂക്കിൽ ശക്തമായ കാറ്റിൽ ഒരു വീടിന്റെയും ഒരു കടയുടെയും മേൽക്കൂര തകർന്നു. കാട്ടാക്കട താലൂക്കിൽ വീടിന് മുകളിലൂടെ മരം വീണ്, ഭാഗിക നാശനഷ്ടവും സംഭവിച്ചു.

നെല്ലനാട് പഞ്ചായത്തിൽ കാന്തലംകോണം ചരുവിള പുത്തൻവീട്ടിൽ സരിതയുടെ വീട് ശക്തമായ മഴയിൽ ഇടിഞ്ഞു വീണു. മൺകട്ട ഉപയോഗിച്ച് നിർമിച്ച ഭിത്തി തകർന്നു വീഴുകയായിരുന്നു. വീട്ടിൽ ആളുണ്ടായിരുന്നെങ്കിലും പരുക്കേൽക്കാതെ രക്ഷപ്പെട്ടു. മുതലപ്പൊഴി ഫിഷിങ് ഹാർബറിൽ ബോട്ട് അപകടത്തിൽപ്പെട്ടു. ആളപായമില്ല.

തീരദേശത്ത് ആശങ്ക നിലനിൽക്കുകയാണ്. വിഴിഞ്ഞം അടിമലത്തുറ, അമ്പലത്തുമൂല എന്നിവടങ്ങളിലാണ് കടലാക്രമണ സാധ്യത കൂടുതൽ. ബൈപാസിന്റെ അശാസ്ത്രീയമായ ഓട നിർമാണം കാരണം മിക്ക ഗ്രാമങ്ങളിലും വെള്ളക്കെട്ടിന് കാരണമായെന്ന് പ്രദേശവാസികൾ പറയുന്നു. ശക്തമായ കാറ്റു മഴയും കാരണം കന്യാകുമാരി ജില്ലയിലെ മത്സ്യത്തൊഴിലാളികളും ഇന്നലെ കടലിൽ പോയില്ല. കന്യാകുമാരിക്ക് സമീപമുള്ള ചിന്നമുട്ടം തുറമുഖത്തുള്ള 350ലേറെ ബോട്ടുകളാണ് ഇന്നലെ കടലിൽ ഇറക്കാതിരുന്നത്. കുളച്ചൽ തീരത്തും സമാനമായ സ്ഥിതി ആയിരുന്നു.

ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രത്യേക ജാഗ്രത പാലിക്കണം. അപകടാവസ്ഥ മുന്നിൽ കാണുന്നവർ അധികൃതരുമായി ബന്ധപ്പെട്ട് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണം. സ്വകാര്യപൊതു ഇടങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/ പോസ്റ്റുകൾ ബോർഡുകൾ, മതിലുകൾ തുടങ്ങിയവ സുരക്ഷിതമാക്കണം. അപകടാവസ്ഥകൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തണം. തീരങ്ങളിൽ കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം

## വനിത സെക്യൂരിറ്റി വാക് ഇൻ ഇന്റർവ്യൂ

**തിരുവനന്തപുരം:** കേരള മഹിള സമഖ്യ സൊസൈറ്റിയുടെ വയനാട്ടിലുള്ള പെൺകുട്ടികളുടെ എൻട്രി ഹോമിൽ സെക്യൂരിറ്റി തസ്തികയിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.

സ്ത്രീ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 11ന് രാവിലെ 11 മണിക്ക് വയനാട് അഞ്ചാംമൈലിലുള്ള മഹിള സമഖ്യ സൊസൈറ്റിയുടെ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കണം. എസ്.എസ്.എൽ.സിയാണ് യോഗ്യത. 23 വയസ് പൂർത്തിയായിരിക്കണം. പ്രതിമാസം 10,000 രൂപ വേതനം. കൂടുതൽ വിവരങ്ങൾക്ക്: 0471 2348666,

## അംശാദായ അദാലത്ത് സംസ്ഥാനതല ഉദ്ഘാടനം ജൂലൈ ഏഴിന്

**തിരുവനന്തപുരം:** കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് എല്ലാ ജില്ലകളിലും നടത്തുന്ന അംശാദായ അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ ഏഴിന് രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാളിൽ പൊതുവിദ്യാഭ്യാസ തൊഴിൽ മന്ത്രി വി ശിവൻകുട്ടി നിർവഹിക്കും.

അംഗത്വമെടുത്ത ശേഷം അംശദായം അടയ്ക്കാത്തവരെ കണ്ടെത്തി കൃത്യമായി അടപ്പിക്കാനും നിലവിൽ അംഗത്വത്തിന് അർഹതയില്ലാത്തവരെ ഒഴിവാക്കി അവരുടെ കുടിശ്ശിക കുറവ് വരുത്തുന്നതിനുമാണ് ജില്ലകൾതോറും അദാലത്ത് നടത്തുന്നത്. പരിപാടിയിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള ആനുകൂല്യ വിതരണവും നടക്കും.

എം മുകേഷ് എം എൽ എ അധ്യക്ഷനാവും. ബോർഡ് ചെയർമാൻ കെ രാജഗോപാൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി കെ ഗോപൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ബോർഡ് അംഗങ്ങൾ, വിവിധ തൊഴിലാളി തൊഴിലുടമ പ്രതിനിധികൾ, ട്രേഡ് യൂണിയൻ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കും.

## ബി.എഫ്.എ പ്രവേശനം

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ മൂന്നു സർക്കാർ ഫൈൻ ആർട്സ് കോളജുകളിലെ (തിരുവനന്തപുരം, മാവേലിക്കര, തൃശ്ശൂർ) 202324 അധ്യയന വർഷത്തെ ബി.എഫ്.എ (ബാച്ചിലർ ഓഫ് ഫൈൻ ആർട്സ്) ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി ജൂലൈ 12 വരെ നീട്ടി. പ്ലസ്ടുവോ തത്തുല്യ യോഗ്യതയോ ഉണ്ടാകണം. വിശദാംശങ്ങളും പ്രോസ്പെക്ടസും വെബ്സൈറ്റിൽ ലഭിക്കും. പൊതുവിഭാഗത്തിലെ അപേക്ഷകൾക്ക് 600 രൂപയും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ അപേക്ഷകർക്ക് 300 രൂപയുമാണ് ഫീസ്. ഫീസ് ഓൺലൈനായി (ഇന്റർനെറ്റ് ബാങ്കിങ്, യുപിഐ പേയ്മെന്റ്/ക്രഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്) അപേക്ഷയോടൊപ്പം അടയ്ക്കാം.ഫോൺ: 04712561313.

# എഐ ക്യാമറ ഇതുവരെ കണ്ടെത്തിയത് 20.42 ലക്ഷം നിയമ ലംഘനങ്ങൾ

### ക്യാമറ സ്ഥാപിച്ചതിനു ശേഷം റോഡ് അപകടങ്ങൾ ഗണ്യമായി കുറഞ്ഞു: മന്ത്രി ആന്റണി രാജു

**തിരുവനന്തപുരം:** സേഫ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ച ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ ഒരു മാസം കൊണ്ട് 20,42,542 ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തിയതായി ഗതാഗത മന്ത്രി ആന്റണി രാജു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഇവ സൂക്ഷ്മമായി പരിശോധിച്ച് പ്രോസസ് ചെയ്ത് ഇചലാൻ അയക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ക്യാമറകൾ പ്രവർത്തനം തുടങ്ങിയ ശേഷം, കഴിഞ്ഞ ഒരു മാസത്തെ കണക്കുകൾ പരിശോധിച്ചതിൽനിന്ന്, സംസ്ഥാനത്ത് റോഡ് അപകടങ്ങൾ ഗണ്യമായി കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

2022 ജൂണിൽ 3714 വാഹനാപകടങ്ങളാണു സംസ്ഥാനത്തുണ്ടായത്. ക്യാമറ സ്ഥാപിച്ച ശേഷം, 2023 ജൂണിൽ, ഇത് 1278 ആയി കുറഞ്ഞു. കഴിഞ്ഞ വർഷം ജൂണിൽ വാഹനാപകടങ്ങളിൽ 344 പേർക്കു ജീവൻ നഷ്ടപ്പെട്ടു. ഇത്തവണ അത് 140 ആയി കുറഞ്ഞു. 2022 ജൂണിൽ വാഹനാപകടങ്ങളിൽപ്പെട്ട് 4172 പേർക്കു പരുക്കേറ്റപ്പോൾ ഇത്തവണ അത് 1468 ആയി കുറയ്ക്കാനും കഴിഞ്ഞു. റോഡ് സുരക്ഷയ്ക്കായി സ്ഥാപിച്ച എ.ഐ. ക്യാമറകൾ ഏറെ പ്രയോജനം ചെയ്യുന്നതായാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന ട്രാഫിക് നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ടു പൊതുജനങ്ങൾക്ക് അപ്പീൽ നൽകുന്നതിനും പരാതി അറിയിക്കുന്നതിനുമുള്ള പരാതി പരിഹാര ആപ്ലിക്കേഷൻ ഓഗസ്റ്റ് അഞ്ചിനു പ്രാബല്യത്തിൽ വരുമെന്നും മന്ത്രി പറഞ്ഞു.

ജൂൺ അഞ്ചു മുതലാണ് എ.ഐ. ക്യാമറകൾ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കു പിഴ ഈടാക്കിത്തുടങ്ങിയത്. ജൂലൈ മൂന്നു വരെ കണ്ടെത്തിയ ഗതാഗത നിയമ ലംഘനങ്ങളിൽ 7,41,766 എണ്ണം പ്രോസസ് ചെയ്തു. ഇതിൽ 1,77,694 എണ്ണം എൻ.ഐ.സിയുടെ ഐ.ടി.എം.എസിലേക്കു മാറ്റുകയും 1,28,740 എണ്ണത്തിൽ ഇചലാൻ ജനറേറ്റ് ചെയ്യുകയും ചെയ്തു. ജനറേറ്റ് ചെയ്ത ചലാനിൽ 1,04,063 എണ്ണം തപാൽ വകുപ്പിനു കൈമാറി. നിയമ ലംഘനം നടത്തുന്ന ഓരോ വ്യക്തികൾക്കുമാണു പിഴ ചുമത്തുന്നത്. ഐ.ടി.എം.എസിലേക്കു മാറ്റിയ നിയമ ലംഘനങ്ങളിൽ ആകെ 2,14,753 പേർക്കു പിഴ ചുമത്തിയിട്ടുണ്ട്. ഹെൽമെറ്റ് ഇല്ലാതെ വാഹനം ഓടിച്ച 73,887 പേർക്ക് പിഴ ചുമത്തി. തിരുവനന്തപുരം ജില്ലയാണ് ഇതിൽ മുന്നിൽ. 19482 പേരാണ് തിരുവനന്തപുരത്ത് ഹെൽമെറ്റ് വയ്ക്കാതെ വാഹനം ഓടിച്ചതായി കണ്ടെത്തിയത്. ഏറ്റവും കുറവ് വയനാട് ജില്ലയിലാണ്. 619 പേർ. പിൻസീറ്റ് യാത്രക്കാർക്കു ഹെൽമെറ്റ് ഇല്ലാത്തതിന് 30213 പേർക്കു പിഴ ചുമത്തി.

സീറ്റ് ബെൽറ്റ് ഇല്ലാതെ യാത്ര ചെയ്തതിന് 49775 പേർക്കു പിഴ ചുമത്തി. 5622 നിയമ ലംഘനങ്ങൾ കണ്ടെത്തിയ മലപ്പുറം ജില്ലയാണ് ഈ വിഭാഗത്തിൽ മുന്നിൽ. 1932 നിയമ ലംഘനങ്ങൾ കണ്ടെത്തിയ ഇടുക്കിയാണ് ഈ വിഭാഗത്തിൽ നിയമ ലംഘനം കുറഞ്ഞ ജില്ല. സഹയാത്രികന് സീറ്റ് ബെൽറ്റ് ഇല്ലാതിരുന്ന 57032 നിയമ ലംഘനങ്ങൾ കണ്ടെത്തി. കൂടുതൽ മലപ്പുറം 8169, കുറവ് ഇടുക്കി 2348. ഡ്രൈവിങ്ങിനിടെ മൊബൈൽ ഉപയോഗിച്ചതിന് 1846 പേർക്കു പിഴ ചുമത്തി. (കൂടുതൽ തിരുവനന്തപുരം 312, കുറവ് ഇടുക്കി 9), ഇരുചക്ര വാഹനത്തിൽ മൂന്നു പേർ യാത്ര ചെയ്തതിന് 1818 പേർക്കു പിഴ ചുമത്തി. കൂടുതൽ തിരുവനന്തപുരം 448, കുറവ് കണ്ണൂർ 15. ആകെ ചെല്ലാൻ ജനറേറ്റ് ചെയ്ത നിയമ ലംഘനങ്ങളിൽനിന്നായി 7,94,65,550 രൂപയാണു സർക്കാരിലേക്കു ലഭിക്കുന്നത്. ഇതിൽ 81,7,800 രൂപ ലഭിച്ചു.

എ.ഐ ക്യാമറകൾ കണ്ടെത്തുന്ന നിയമ ലംഘനങ്ങൾ പ്രോസസ് ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു കെൽട്രോണിനു നിർദേശം നൽകിയതായി മന്ത്രി പറഞ്ഞു. കൂടുതൽ സ്റ്റാഫിനെ നിയോഗിച്ച് മൂന്നു മാസത്തിനകം ഇവ പ്രോസസ് ചെയ്തു തീർക്കും. ക്യാമറ കണ്ടെത്തുന്ന നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ടു പൊതുജനങ്ങൾക്കുള്ള അപ്പീലുകൾ നൽകുന്നതിനായി പുറത്തിറക്കുന്ന ആപ്ലിക്കേഷനു പുറമേ ജില്ലാതല കമ്മിറ്റി രൂപീകരിക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റിക്കു നിർദേശം നൽകിയിട്ടുണ്ട്. അന്യസംസ്ഥാനത്തു രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി അത്തരം വാഹനങ്ങളുടെ വിവരങ്ങൾ ഡാറ്റബേസിൽ ലഭ്യമാക്കിയിട്ടുണ്ട്.

നോ പാർക്കിങ് മേഖലയിൽ വാഹനം പാർക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് നോ പാർക്കിങ് മേഖലകൾ കൃത്യമായി നിർണയിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം ഉടൻ ചേരുകയും ഇത്തരം മേഖലകളിൽ നോ പാർക്കിങ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യും.

വ്യാജ നമ്പർ പ്ലേറ്റ് ഉപയോഗിച്ചും വ്യക്തതയില്ലാത്ത നമ്പർ പ്ലേറ്റ് ഉപയോഗിച്ചും വാഹനങ്ങൾ നിരത്തിലിറക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ കണ്ടെത്തുന്നതിനായി ഉദ്യോഗസ്ഥർ നേരിട്ടു പരിശോധന നടത്തുന്ന ഡ്രൈവുകൾ നടത്തും. പുതുക്കിയ വാഹന വേഗപരിധി, പാർക്കിങ് സ്ഥലങ്ങൾ, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ഇന്ന് ചേരുമെന്നും മന്ത്രി പറഞ്ഞു.

# ബോട്ടുകളുടെ രണ്ടാംഘട്ട പരിശോധന തുടങ്ങി

**തൃശൂർ:** ജില്ലയിൽ യന്ത്രവത്കൃത ബോട്ടുകളുടെയും ഇൻബോർഡ് വള്ളങ്ങളുടെയും രണ്ടാംഘട്ട ഭൗതിക പരിശോധന തുടങ്ങി. അഴീക്കോട് ഫിഷറീസ് സ്റ്റേഷന്റെ കീഴിൽ ജില്ലയിലെ ഫിഷറീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അഞ്ച് ടീമുകളായി തിരിച്ചാണ് യാനങ്ങളുടെ രണ്ടാംഘട്ട പരിശോധന നടത്തുന്നത്.

റിയൽ ക്രാഫ്റ്റ് സോഫ്റ്റ്വെയർ വഴിയാണ് മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനും ലൈസൻസും അനുവദിക്കുന്നത്. റിയൽ ക്രാഫ്റ്റ് സോഫ്റ്റ് വെയറിന്റെ ഫ്ളീറ്റിൽ യഥാർഥത്തിലുള്ളതിനേക്കാൾ കൂടുതൽ എണ്ണം യാനങ്ങളാണ് സോഫ്ട്!വെയറിൽ കാണിക്കുന്നത്. ഇത് വിവിധ പദ്ധതി നിർവഹണത്തിനും തീരസുരക്ഷക്കും തടസമാകുന്നതിനാൽ സംസ്ഥാനത്ത് തീരസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പരിഹരിക്കണമെന്ന കേന്ദ്ര സർക്കാർ നിർദേശത്തെ തുടർന്നാണ് യാനങ്ങളുടെ യഥാർത്ഥ എണ്ണം കണക്കാക്കുന്നതിന് പരിശോധന നടത്തുന്നത്.

ചേറ്റുവ, മുനക്കകടവ് ഹാർബറുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബോട്ടുകളുടെയും ഇൻബോർഡ് വള്ളങ്ങളുടെയും പരിശോധന ചേറ്റുവ ഹാർബർ, മുനക്കകടവ് ഹാർബർ, വിവിധ യാർഡുകൾ എന്നീ സ്ഥലങ്ങളിൽ വെച്ച് പൂർത്തിയാക്കി.



മുനക്കകടവ് ഹാർബർ കേന്ദ്രീകരിച്ച് മത്സ്യബന്ധന യാന സേവന കൗണ്ടർ സംശയ നിവാരണങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്നുണ്ട്. ജില്ലയിലെ ഉടമകളുടെ യാനം അന്യ ജില്ലകളിൽ നിലവിലുണ്ടെങ്കിൽ ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർക്ക് മുൻകൂട്ടി അപേക്ഷ നൽകി അത്തരം യാനങ്ങൾ അതാത് ജില്ലകളിൽ തന്നെ പരിശോധിക്കുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരായ അശ്വിൻ രാജ്, ഇ ബി സുമിത, ശ്രുതിമോൾ, ജോയ്നി ജേക്കബ്, മെക്കാനിക് ജയചന്ദ്രൻ, എ എഫ് ഇ ഒമാരായ ടോണി, ആന്റണി, മറൈൻ എൻഫോഴ്സ്മെന്റ് സീനിയർ സിവിൽ പോലീസ് ഓഫീസർ വി എൻ പ്രശാന്ത് കുമാർ, സാഗർമിത്ര മെമ്പർ പി പി പ്രജിത, സീറെസ്ക്യൂ ഗാർഡുമാരും മെമ്പർമാരും പരിശോധന സംഘത്തിൽ ഉണ്ടായി.

## വയോസേവന അവാർഡിന് അപേക്ഷ ക്ഷണിച്ചു

**ഇടുക്കി:** ജില്ലയിലെ വയോജന സേവന മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുന്ന വയോസേവന അവാർഡ് 2023 പരിഗണിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. വയോജന സേവന മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, എൻജിഒ സ്ഥാപനങ്ങൾ (സർക്കാരിതരം), സർക്കാർ ഓൾഡ് ഏജ് സ്ഥാപനം, മികച്ച സ്പോർട്സ് പെഴ്സൺ (മുതിർന്ന പൗരൻ) കലാസാഹിത്യസാംസ്കാരിക മേഖലയിലെ മികച്ച വ്യക്തിത്വം(മുതിർന്ന പൗരൻ), ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് (മുതിർന്ന പൗരൻ) എന്നീ വിഭാഗങ്ങളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്.

ഓരോ വിഭാഗത്തിലെയും അപേക്ഷകൾ രണ്ട് വീതം അനുബന്ധ രേഖകൾ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ജൂലൈ 30ന് മുൻപ് സമർപ്പിക്കണം. അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും www.sjd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാം. ഫോൺ: 04862 228160. ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്ന് പ്രവർത്തി ദിവസങ്ങളിൽ നേരിട്ടും വിവരങ്ങൾ ലഭിക്കും.

# മെട്രോ രണ്ടാം ഘട്ടം: മേൽനോട്ടച്ചുമതല സിസ്ട്ര കൺസോർഷ്യത്തിന്



**കൊച്ചി:** മെട്രോ രണ്ടാം ഘട്ടത്തിന്റെ ജനറൽ കൺസൽറ്റന്റ് ആയി സിസ്ട്രയും സിസ്ട്ര എംവിഎ കൺസൽറ്റിങ് പ്രൈവറ്റ് ലിമിറ്റഡും ചേർന്ന കൺസോർഷ്യം തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാം ഘട്ടത്തിന്റെ നിർമാണ പ്രവർത്തനങ്ങളുടെ മേൽനോട്ടച്ചുമതല കൺസോർഷ്യം വഹിക്കും.കലൂർ നെഹ്റു സ്റ്റേഡിയം മെട്രോ സ്റ്റേഷൻ മുതൽ ഇൻഫോപാർക്ക് വരെ 11.2 കിലോമീറ്ററാണു മെട്രോ രണ്ടാംഘട്ടമായി നിശ്ചയിച്ചിരിക്കുന്നത്. രണ്ടാംഘട്ടത്തിന്റെ സിവിൽ വർക്കുകൾ ഓണത്തിനു മുൻപായി തുടങ്ങാനാണു ശ്രമിക്കുന്നതെന്ന് കെഎംആർഎൽ മാനേജിങ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു. നിയമന രേഖ അദ്ദേഹം സിസ്ട്ര വൈസ് പ്രസിഡന്റ് ഗൗരവ് കുമാർ ശ്രീവാസ്തവയ്ക്കു കൈമാറി.

രണ്ടാംഘട്ടത്തിന്റെ നിർമാണ പ്രവർത്തനങ്ങൾക്കു ജനറൽ കൺസൽറ്റന്റ് നിയമനം സുപ്രധാനമാണ്. ഡിസൈൻ കൺസൽറ്റന്റും കോൺട്രാക്ടർമാരും സമർപ്പിക്കുന്ന പ്രപ്പോസൽ വിലയിരുത്തേണ്ടതു ജനറൽ കൺസൽറ്റന്റാണ്. നിർമാണ പ്രവർത്തനങ്ങൾ കൃത്യമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും അവരുടെ ചുമതലയാണ്. ഗുണമേന്മയും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചാണു നിർമാണം നടക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും ഇവരാണ്.

പൊതുഗതാഗത മേഖലയിലെ അടിസ്ഥാന സൗകര്യ വികസന രംഗത്തു സജീവമാണു സിസ്ട്രയും സിസ്ട്ര എംവിഎ കൺസൽറ്റിങ് ലിമിറ്റഡും. റെയിൽ, ഹൈ സ്പീഡ് റെയിൽ, മെട്രോ, ലൈറ്റ് മെട്രോ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ കമ്പനികൾ പങ്കാളികളാകുന്നതു മെട്രോ രണ്ടാം ഘട്ട നിർമാണ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുമെന്നാണു പ്രതീക്ഷ.

## ഗുരുവായൂർ മേൽപാലം നിർമാണം നിലച്ചു

**ഗുരുവായൂർ:** പരിശോധന നടത്താനും നിർമാണം പൂർത്തിയാക്കിയ ഗർഡർ സ്ഥാപിക്കാനും റെയിൽവേ കാണിക്കുന്ന അനാസ്ഥ മൂലം മേൽപാലം പണി നിലച്ചു. കഴിഞ്ഞ 30ന് മുൻപ് ഗർഡർ എത്തിക്കുമെന്നും സ്ഥാപിക്കുന്ന ജോലി ഈ ആഴ്ച ആരംഭിക്കുമെന്നും ദക്ഷിണ റെയിൽവേ ഡിവിഷനൽ മാനേജർ സച്ചിന്ദർ മോഹൻ ശർമയുമായി എംഎൽഎ നടത്തിയ കൂടിക്കാഴ്ചയിൽ ഉറപ്പ് ലഭിച്ചിരുന്നതാണ്. എന്നാൽ ഇതുവരെ ഗർഡർ എത്തിയിട്ടില്ല.

ഗർഡർ സ്ഥാപിക്കാനുള്ള പാലത്തിന്റെ പരിശോധന പൂർത്തിയാക്കിയ സാങ്കേതിക വിഭാഗമായ ആർഡിഎസ്ഒ റിപ്പോർട്ട് സമർപ്പിക്കാത്തതാണു കാലതാമസത്തിനു കാരണം എന്നറിയുന്നു. കരാറുകാരൻ നടത്തേണ്ട 90 ശതമാനം പണികളും പൂർത്തിയായി. ഇനി റെയിൽപാതയ്ക്ക് മുകളിൽ റെയിൽവേയുടെ സൂപ്പർ സ്ട്രക്ചർ ഗർഡർ സ്ഥാപിച്ചാലേ ബാക്കി പണികൾ നടത്താൻ കഴിയൂ. ഈ ഗർഡറിന്റെ നിർമാണം തിരുച്ചിറപ്പള്ളിയിൽ പൂർത്തിയായിട്ട് ഒരു മാസത്തിലേറെയായി. ഗർഡർ കൊണ്ടു വന്ന് ഉറപ്പിച്ച് അനുബന്ധ ജോലികൾ ചെയ്യുന്നതിന് ഒരു മാസത്തെ സമയമെങ്കിലും വേണം. അത് കഴിഞ്ഞാൽ ഇരു ഭാഗത്തുമായി 4സ്ലാബുകൾ കൂടി പൂർത്തീകരിക്കണം. മേൽപാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ മേയിൽ നടത്താനായി ദ്രുതഗതിയിൽ പണികൾ നടന്നിരുന്നതാണ്.

## അതിതീവ്ര മഴ സാധ്യത: മൂന്നു ജില്ലകളിൽ റെഡ് അലേർട്ട്, 11 ജില്ലകളിൽ ഓറഞ്ച് അലേർട്ട്

സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്കുള്ള സാധ്യത മുൻനിർത്തി ഇന്ന് ഇടുക്കി, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് അലേർട്ടും പ്രഖ്യാപിച്ചു. അതിതീവ്ര മഴ സാധ്യത മുൻനിർത്തി പൊതുജനങ്ങളും സർക്കാർ സംവിധാനങ്ങളും അതീവ ജാഗ്രത പാലിക്കണമെന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

24 മണിക്കൂറിൽ 204.4 മില്ലി മീറ്ററിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് അതിതീവ്രമായ മഴയെന്നതുകൊണ്ടു കാലാവസ്ഥാ വകുപ്പ് അർഥമാക്കുന്നത്. റെഡ് അലേർട്ട് പ്രഖ്യാപിച്ച ജില്ലകളിൽ അതിതീവ്ര മഴയ്ക്കാണു സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യത മുൻനിർത്തിയാണു 11 ജില്ലകളിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചത്. ഈ ജില്ലകളിൽ 24 മണിക്കൂറിൽ 115.6 മില്ലി മീറ്റർ മുതൽ 204.4 മില്ലി മീറ്റർ വരെ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്നാണു പ്രവചനം. അതിശക്തമായ മഴയ്ക്കുള്ള സാധ്യത മുൻനിർത്തി നാളെ (ജൂലൈ 05) പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും മറ്റന്നാൾ (ജൂലൈ 06) മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.24 മണിക്കൂറിൽ 64.5 മില്ലി മീറ്ററിൽ മുതൽ 115.5 മില്ലി മീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യമുള്ളതിനാൽ നാളെ (ജൂലൈ 05) കൊല്ലത്തും ആറിന് ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് ജില്ലകളിലും ഏഴിന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും എട്ടിന് കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു.

ശക്തമായ മഴ ലഭിച്ചുകൊണ്ടിരിക്കുന്ന മലയോര മേഖലയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവർ സുരക്ഷിത സ്ഥലത്തേക്ക് മാറി താമസിക്കണമെന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശം നൽകി. ശക്തമായ കാറ്റിനു സാധ്യതയുള്ളതിനാൽ അടച്ചുറപ്പില്ലാത്ത വീടുകളിൽ താമസിക്കുന്നവരും മേൽക്കൂര ശക്തമല്ലാത്ത വീടുകളിൽ താമസിക്കുന്നവരും പ്രത്യേക ജാഗ്രത പാലിക്കണം. അപകടാവസ്ഥ മുന്നിൽ കാണുന്നവർ അധികൃതരുമായി ബന്ധപ്പെട്ട് സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണം. സ്വകാര്യപൊതു ഇടങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/പോസ്റ്റുകൾ/ബോർഡുകൾ, മതിലുകൾ തുടങ്ങിയവ സുരക്ഷിതമാക്കണം മരങ്ങൾ കോതി ഒതുക്കണം.

## ഓഫ്സെറ്റ് പ്രിന്റിങ് ടെക്നോളജി കോഴ്സിന് ജൂലൈ 22 വരെ അപേക്ഷിക്കാം

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിങ് ടെക്നോളജി കോഴ്സിലേക്ക് അപേക്ഷിക്കാനുള്ള സമയം ജൂലൈ 22 വരെ നീട്ടി.

അപേക്ഷകർ പ്ലസ്ടു / വി.എച്ച്.എസ്.ഇ/ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠന കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 5,000 രൂപ സ്റ്റൈപ്പന്റോടുകൂടിയ ഒരു വർഷം ദൈർഘ്യമുള്ള അപ്രിന്റിഷിപ്പ് പരിശീലനം സിആപ്റ്റ് മുഖേന ലഭിക്കും.തിരുവനന്തപുരം (04712474720), എറണാകുളം (04842605322), കോഴിക്കോട് (04952356591) എന്നീ കേന്ദ്രങ്ങളിലാണ് കോഴ്സ് നടത്തുന്നത്. അപേക്ഷാഫോം 100 രൂപയ്ക്ക് അതത് സെന്ററിൽ നിന്നു നേരിട്ടും മണിഓർഡറായി 130 രൂപ മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്, ട്രെയിനിങ് ഡിവിഷൻ, സിറ്റി സെന്റർ, പുന്നപുരം, പടിഞ്ഞാറേ കോട്ട, തിരുവനന്തപുരം 695 024 എന്ന വിലാസത്തിൽ തപാലിലും/മാനേജിങ് ഡയറക്ടർ, സിആപ്റ്റിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതവും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 04712474720, 0471 2467728

## പകർച്ചവ്യാധികൾക്കെതിരെ കരുതലെടുക്കുക ജാഗ്രതാ നിർദേശവുമായി ആരോഗ്യ വകുപ്പ്

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകൾക്കും ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകി. പകർച്ചപ്പനികൾ തുടരുന്ന സാഹചര്യത്തിൽ എല്ലാ ജില്ലകളും പ്രത്യേകം ശ്രദ്ധിക്കണം. പകർച്ചപ്പനി വ്യാപനം ഉണ്ടാകാതിരിക്കാൻ ദുരിതാശ്വാസ ക്യാമ്പുകളിലുൾപ്പെടെ പ്രത്യേകം ജാഗ്രത പുലർത്തണം. ക്യാമ്പുകളിൽ മെഡിക്കൽ സംഘത്തിന്റെ സേവനം ഉറപ്പാക്കണം. ക്യാമ്പുകളിൽ ആരോഗ്യ സേവനം ഉറപ്പാക്കാൻ പി.എച്ച്.സി./ എഫ്.എച്ച്.സി./ സി.എച്ച്.സി.യിലുള്ള എച്ച്.ഐ./ ജെ.എച്ച്.ഐ. തലത്തിലുള്ള ഒരാൾക്ക് ചുമതല കൊടുക്കണം. അവരുടെ വിവരങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കണം. എല്ലാവരും ഡ്യൂട്ടിയിലുണ്ടെന്ന് ഉറപ്പാക്കണം. മതിയായ ചികിത്സ ലഭ്യമാക്കാനും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും എല്ലാ ആശുപത്രികളും ജാഗ്രത പുലർത്താനും മന്ത്രി നിർദേശം നൽകി.

ദുരിതാശ്വാസ ക്യാമ്പുകളിൽ പനി ബാധിച്ചവരെ പ്രത്യേകം പാർപ്പിക്കേണ്ടതാണ്. അവർക്കുള്ള ചികിത്സ ഉറപ്പാക്കണം. ക്യാമ്പിലുള്ളവർക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ കാണുകയാണെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. ക്യാമ്പും പരിസരവും വൃത്തിയായി സൂക്ഷിക്കണം. ശുചിത്വത്തിന് പ്രത്യേക പ്രാധാന്യം നൽകണം. കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. വയറിളക്ക രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ പാടുള്ളൂ. ആഹാരവും വെള്ളവും അടച്ച് സൂക്ഷിക്കണം. മഴവെള്ളം കലർന്ന കിണറുകൾ സൂപ്പർ ക്ലോറിനേറ്റ് ചെയ്യണം.

മുമ്പ് കഴിച്ചുകൊണ്ടിരിക്കുന്ന മരുന്നുകൾക്ക് മുടക്കം വരുത്തരുത്. കഴിക്കുന്ന മരുന്നുകളുടെ കുറിപ്പ് കൈയ്യിൽ കരുതണം. ക്യാമ്പുകളിൽ മരുന്ന് ലഭ്യത ഉറപ്പാക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ആംബുലൻസ് സേവനം ഉറപ്പാക്കണം. മറ്റ് രോഗമുള്ളവർ, കുട്ടികൾ, പ്രായമായവർ, ഗർഭിണികൾ എന്നിവരെ പ്രത്യേകം ശ്രദ്ധിക്കണം. ഇൻഫ്ളുവൻസ പടരാതിരിക്കാൻ ക്യാമ്പിനകത്ത് മറ്റ് രോഗങ്ങളുള്ളവർ, കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ എന്നിവർ മാസ്ക് ധരിക്കേണ്ടതാണ്. കാൻസർ രോഗികൾ, ഡയാലിസിസ് ചെയ്യുന്നവർ, ട്രാൻസ്പ്ലാന്റ് ചെയ്യുന്നവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം.

എലിപ്പനി പ്രതിരോധം പ്രധാനമാണ്. ചെളിയിലോ മലിന ജലത്തിലോ കെട്ടിക്കിടക്കുന്ന മഴവെള്ളത്തിലോ ഇറങ്ങിയാൽ ഡോക്ടറുടെ നിർദേശപ്രകാരം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽ സേവനം ചെയ്യുന്നവരും രക്ഷാപ്രവർത്തകരും മുൻകരുതൽ ഉറപ്പാക്കണം.



## വിദ്യാലയങ്ങൾക്ക് സമീപത്തെ അപകടകരമായ മരങ്ങൾ മുറിക്കാൻ കർശന നിർദേശം

**കൊച്ചി:** വിദ്യാലയങ്ങൾക്ക് സമീപം അപകടകരമായ നിലയിലുള്ള മരങ്ങളോ ശിഖരങ്ങളോ അടിയന്തരമായി മുറിച്ചു മാറ്റാൻ ജില്ലാ കളക്ടറുടെ കർശന നിർദേശം. സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ ചേർന്ന സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട യോഗത്തിലാണ് നിർദേശം.

കനത്ത മഴയെ തുടർന്ന് മരങ്ങൾ വീണ് അപകടമുണ്ടാകുന്ന സാഹചര്യത്തി ലാണിത്. ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർ എന്നിവർ അവരവരുടെ പരിധിയിലുള്ള സ്കൂളുകളിൽ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. അതത് തദ്ദേശ സ്ഥാപനങ്ങൾ മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്കൂളിന് അപകട ഭീഷണി ഉയർത്തുന്ന സമീപത്തെ സ്വകാര്യ വ്യക്തിയുടെ മരങ്ങളും മറിക്കാൻ നടപടി സ്വീകരിക്കണം. ഇത്തരത്തിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടെങ്കിൽ ഉടൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കണം.

## സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് പരിശോധന കർശനമാക്കണം

**കൊച്ചി:** സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നെസ് ഉറപ്പാക്കാനും നടപടിയെടുക്കണം. സ്കൂളുകളിൽ ഫയർ ഓഡിറ്റ് നടത്തണം. സർക്കാർ സ്കൂളുകൾ കൂടാതെ സിബിഎസ്ഇ, ഐസിഎസ്സി സ്വകാര്യ സ്കൂളുകളിലും സുരക്ഷ ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. പ്രധാന അധ്യാപകരുടെ യോഗം ചേർന്ന് സുരക്ഷ ഉറപ്പാക്കണം. അപകടകരമായ മരങ്ങളെ സംബന്ധിച്ച് ഓരോ സ്കൂളും അടിയന്തരമായി റിപ്പോർട്ട് നൽകാനും കളക്ടർ നിർദേശിച്ചു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സ്കൂളുകളിൽ ആരംഭിക്കുന്ന ഉസ്കൂൾ (ഡരെവീഹ) ആപ്പ് യോഗത്തിൽ അവതരിപ്പിച്ചു. സ്കൂൾ ദുരന്ത നിവാരണ പദ്ധതി തയ്യാറാകുന്നതിനു ആണ് ആപ്പ് വികസിപ്പിച്ചിരിക്കുന്നത്. ഓരോ സ്കൂളിന്റെയും അപകട സാധ്യത, വിഭവശേഷി, ദുരന്ത നിവാരണ സമിതിയുടെ വിവരങ്ങൾ തുടങ്ങിയ സമഗ്ര വിവരങ്ങൾ ആപ്പിൽ ഉണ്ടാകും.

## സ്കൂളുകളിൽ ദുരന്ത നിവാരണ സമിതിയുടെ പ്രവർത്തനവും കാര്യക്ഷമമാക്കും

**കൊച്ചി:** ജില്ലയിൽ 58 സ്കൂളുകളിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദുരന്ത നിവാരണ സെല്ലുകൾ ആരംഭിച്ചു. എല്ലാ സ്കുളുകളിലേക്കും പദ്ധതി വ്യാപിപ്പിക്കും. ദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള പരിശീലനം കുട്ടികൾക്ക് സെൽ വഴി നൽകും. ഓരോ സ്കൂളിലും 25 കുട്ടികളുടെ ഗ്രൂപ്പ് ഉണ്ടാക്കി പരിശീലനം നൽകും. ഇവർ മറ്റു കുട്ടികളെയും പരിശീലിപ്പിക്കും. സ്കൂളുകളിലെ ഹെഡ് ബോയ്സിനും ഗേൾസിനും കൂടുതൽ പരിശീലനം നൽകും. ദുരന്തങ്ങളും ദുരന്ത സാധ്യതകളും നേരിടുന്നതിന് സജ്ജരായ തലമുറയെ വാർത്തെടുക്കുകയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

മോട്ടോർ വാഹന വകുപ്പിന്റെ വിദ്യാ വാഹിനി ആപ്പിൽ രജിസ്റ്റർ ചെയ്താൽ കുട്ടികളുടെ സ്കൂൾ വാഹനങ്ങളുടെ യാത്ര മാതാപിതാക്കൾക്ക് നിരീക്ഷിക്കാനാകും. ഈ സംവിധാനം കൂടുതൽ സ്കൂളുകൾ പ്രയോജനപ്പെടുത്തണമെന്ന് മോട്ടോർ വാഹന വകുപ്പ് നിർദേശിച്ചു. ട്രാൻസ്ഫോർമറുകൾക്ക് ഫെൻസിംഗ് ഏർപ്പെടുത്താർ കെ.എസ്.ഇ.ബിക്ക് നിർദേശം നൽകും. ബസുകളിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പാക്കും. സ്കൂളുകളിൽ ജില്ലാതല ഉപദേശക സമിതി രൂപീകരിക്കാനും തീരുമാനിച്ചു.

ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ഉഷ ബിന്ദു മോൾ, വിദ്യാഭ്യാസ വകുപ്പ് ഉപഡയറക്ടർ ഹണി ജി. അലക്സാണ്ടർ, ഹസാർഡ് അനലിസ്റ്റ് അഞ്ജലി പരമേശ്വരൻ, സിബിഎസ്ഇ സ്കൂൾ ദേശീയ കൗൺസിൽ പ്രസിഡന്റ് ഇന്ദിര രാജൻ, പോലീസ്, വിദ്യാഭ്യാസം, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# കേരളത്തിൽനിന്ന് പ്രത്യേക പുണ്യതീർഥയാത്രാ ട്രെയിൻ 20ന്

**പത്തനംതിട്ട:** ഭാരതത്തിലെ പുണ്യസ്ഥലങ്ങളും ചരിത്രവും പൗരാണികതയും സമ്മേളിക്കുന്ന തീർഥാടന കേന്ദ്രങ്ങളും സന്ദർശിക്കാൻ ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് ആൻഡ് ടൂറിസം കോർപറേഷൻ ലിമിറ്റഡ് (ഐആർസിടിസി) ഭാരത് ഗൗരവ് ട്രെയിൻ ടൂർ 20ന് കൊച്ചുവേളിയിൽനിന്നു പുറപ്പെടും. ഉജ്ജയിൻ, ഹരിദ്വാർ, ഋഷികേശ്, കാശി, അയോധ്യ, അലഹബാദ് എന്നിവിടങ്ങൾ സന്ദർശിച്ച് 31നു തിരികെ വരുന്ന തരത്തിലാണ് യാത്രയുടെ ക്രമീകരണമെന്ന് ഐസിആർടിസി ടൂറിസം ജോയിൻറ് ജനറൽ മാനേജർ പി. സാം ജോസഫ് പത്രസമ്മേളനത്തിൽ പറഞ്ഞു.

എട്ട് സ്ലീപ്പർ ക്ലാസും മൂന്ന് ത്രീടയർ എസി സൗകര്യവുമുള്ള ആധുനിക എൽഎച്ച്ബി ട്രെയിനാണ് യാത്രയ്ക്കായി ക്രമീകരിച്ചിരിക്കുന്നത്. സിസിടിവി കാമറയും സുരക്ഷാ ജീവനക്കാരും എല്ലാ കോച്ചിലും ഉണ്ടാകും. 754 സഞ്ചാരികളെ ഒരു യാത്രയിൽ ഉൾക്കൊള്ളും.

കൊച്ചുവേളിയിൽനിന്നുള്ള ട്രെയിനിന് കൊല്ലം, കായംകുളം, കോട്ടയം, എറണാകുളം ടൗൺ, തൃശൂർ, ഒറ്റപ്പാലം, പാലക്കാട് ജംഗ്ഷൻ എന്നിവിടങ്ങളിലും കേരളത്തിൽ സ്റ്റോപ്പുണ്ടാകും. യാത്രയിൽ പ്രധാന ക്ഷേത്രങ്ങളിലേക്കുള്ള സന്ദർശനം, ഭക്ഷണം, താമസസൗകര്യം എന്നിവ കൂടി ഉൾപ്പെടുത്തിയാണ് പാക്കേജ് തയാറാക്കിയിട്ടുള്ളത്. നോൺ എസിയിൽ 26,340 രൂപയും എസി ക്ലാസിൽ 36,340 രൂപയുമാണ് ഒരു യാത്രക്കാരനിൽ നിന്ന് ഈടാക്കുന്നത്. ബുക്കിംഗും ഇതര വിവരങ്ങളും ഐസിആർടിസി വെബ്സൈറ്റ് മുഖേനയാകും. വിശദവിവരങ്ങൾക്ക് 8287932095 നന്പരിൽ ബന്ധപ്പെടാം. റെയിൽവേ ടൂറിസം എക്സിക്യൂട്ടീവ് വിനോദ് നായരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# ആദിവാസി കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും: ജില്ലാ കളക്ടർ

**കൊച്ചി:** വന്യജീവി ഭീഷണിയെ തുടർന്ന് കുട്ടമ്പുഴ പന്തപ്രയിലേക്കെത്തിയ വാരിയം, ഉറിയംപെട്ടി ആദിവാസി കോളനി നിവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർദേശം നൽകി. കോളനിയിൽ നാല് കോളനികളിലായി കുടിൽ കെട്ടി താമസിക്കുന്നവർക്കായി ബയോടോയ്ലെറ്റുകൾ സജ്ജമാക്കും. പകർച്ചവ്യാധി തടയുന്നതിനും കോളനി നിവാസികൾക്ക് വൈദ്യ സഹായമെത്തിക്കാനും മെഡിക്കൽ ക്യാംപ് സംഘടിപ്പിക്കാനും തീരുമാനിച്ചു. എലിപ്പനി പ്രതിരോധിക്കുന്നതിന് ഡോക്സിസൈക്ലിൻ ഗുളികകൾ നൽകും.



കാട്ടുപോത്ത് ഉൾപ്പടെയുള്ള വന്യജീവികളുടെ ആക്രമണ ഭീഷണിയെ തുടർന്ന് 87 കുടുംബങ്ങളാണ് കാട്ടിൽ നിന്ന് നാടിനോട് ചേർന്ന പന്തപ്ര കോളനിയിലേക്ക് എത്തിയിട്ടുള്ളത്. നേരത്തെ പന്തപ്ര പുനരധിവാസ പാക്കേജ് പ്രകാരം പുനരധിവസിപ്പിച്ച 67 കുടുംബങ്ങളിൽ ചിലരുടെ സ്ഥലങ്ങളിൽ ഷീറ്റ് കൊണ്ട് മറച്ച താൽക്കാലിക ഷെഡുകളിലാണ് നിലവിൽ ഇവരുടെ താമസം. കോളനിയിലേക്കുള്ള റോഡിന് വനം വകുപ്പിന്റെ എൻ.ഒ.സി ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ചർച്ച ചെയ്തു.

വാരിയം, ഉറിയംപെട്ടി ഊരുകളിൽ ബാക്കിയുള്ള മുഴുവൻ കുടുംബങ്ങളെയും പന്തപ്രയിലേക്ക് എത്തിക്കുന്നതിനായി ഊരുകൂട്ടം ഉടൻ ചേരാനും തീരുമാനിച്ചു.

ജില്ലാ വികസന കമ്മീഷണർ എം.എസ്. മാധവിക്കുട്ടി, മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ രവികുമാർ മീണ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അനിൽ ഭാസ്കർ തുടങ്ങിയവർ പങ്കെടുത്തു.

# ആഫ്രിക്കൻ ഒച്ചുകളുടെ ആക്രമണം: വലഞ്ഞ് കർഷകർ



**ചാരുംമൂട്:** ചുനക്കര, ഭരണിക്കാവ്, താമരക്കുളം പഞ്ചായത്ത് പ്രദേശങ്ങളിലെ പാടശേഖരങ്ങളിലേക്കും കൃഷിടങ്ങളിലേക്കും ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷം. രാത്രികാലങ്ങളിൽ കൂട്ടമായി പുറത്തിറങ്ങുന്ന ഈ ഒച്ചുകൾ വ്യാപകമായ രീതിയിൽ കൃഷിയിടം നശിപ്പിക്കുകയാണ്. പച്ചക്കറി കൃഷികളും ഇടവിള കൃഷികളും വാഴകളുമാണ് ആഫ്രിക്കൻ ഒച്ചുകൾ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. പകൽ സമയങ്ങളിൽ കയ്യാലകളുടെ വശങ്ങളിലും മതിലുകളുടെ വശങ്ങളിലും കരിയില ക്കൂട്ടങ്ങളുടെ അടിയിലുമായാണ് ഇവ പാർക്കുന്നത്. സന്ധ്യ മയങ്ങുന്നതോടെ കൂട്ടമായി കൃഷിയിടങ്ങളിലേക്കിറങ്ങും. മഴകാരണം ഒച്ചുകൾ മുട്ടയിട്ട് പെരുകുകയാണ്. ചുനക്കര പഞ്ചായത്തിലെ ഒൻപതാം വാർഡിൽ മാത്രം കണ്ടെത്തിയ ആഫ്രിക്കൻ ഒച്ചുകൾ നിലവിൽ ആയിരക്കണക്കിന് എണ്ണമായി മാറിയിരിക്കുകയാണ്. ഇവ വെട്ടിക്കോട്, കണ്ണനാകുഴി മേഖലകളിലേക്കാണ് മാറിയിരിക്കുന്നത്.

ഭരണിക്കാവ് പഞ്ചായത്തിലെ വെട്ടിക്കോട് ഭാഗത്തും കൃഷിയിടങ്ങളിലേക്ക് ഇവ കയറി തുടങ്ങി. ഒച്ചുകളെ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിലെത്തിയപ്പോൾ കർഷകരുടെ ദുരിതം മനസ്സിലാക്കിയ ചുനക്കര പഞ്ചായത്ത് പ്രസി!ഡന്റ് വെള്ളായണി കാർഷിക കോളജുമായി ബന്ധപ്പെട്ടു. ഇതിനെ തുടർന്ന് അവിടെ നിന്നും പ്രഫ.ആർ.നാരായണൻ സ്ഥലത്തെത്തി കർഷകരുമായി ചർച്ച ചെയ്യുകയും പ്രതിവിധികൾ നിർദേശിക്കുകയും ചെയ്തു. എന്നാൽ ആഫ്രിക്കൻ ഒച്ചുകൾ ക്രമാധീതമായി പെരുകി വരുന്നതല്ലാതെ ഇതിന് പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. മറ്റ് പഞ്ചയാത്തുകളിലേക്കും പഞ്ചായത്ത് വാർഡുകൾ ഉള്ള കൃഷി സ്ഥലങ്ങളിലേക്കും രാത്രികാലങ്ങളിൽ ഇവ എത്തിക്കൊണ്ടിരിക്കുകയാണ്.



# മഴയിൽ നിശ്ചലമായി മത്സ്യബന്ധന മേഖല

**കൊല്ലം:** കനത്ത മഴയും കാറ്റും മത്സ്യബന്ധന മേഖലയെ നിശ്ചലമാക്കി. കടലിൽ പോയ ഭൂരിഭാഗം വള്ളങ്ങളും വല ഇടാതെ മടങ്ങിയെത്തി. മത്സ്യലേല ഹാളുകളിൽ തിരക്ക് ഒഴിവായി. ഞായർ വൈകിട്ടു മുതൽ കടലിൽ മഴയും ശക്തമായ കാറ്റും തുടങ്ങിയിരുന്നു. സന്ധ്യയോടെ മത്സ്യബന്ധനത്തിനു പോയവർ കാറ്റ് ശക്തമായതിനെ തുടർന്നു വല വിരിക്കാതെ മടങ്ങി. ഇന്നലെ പുലർച്ചെ പുറപ്പെട്ടവരും ശക്തമായ കാറ്റു മൂലം പണി ഉപേക്ഷിച്ചു മടങ്ങി. തമിഴ്നാട് മേഖലയിൽ നിന്നു മത്സ്യബന്ധനത്തിന് എത്തിയവരാണ് പ്രതികൂല കാലാവസ്ഥ അവഗണിച്ചു കടലിൽ പോയത്. കരയിൽ പെയ്യുന്നതിനെക്കാൾ കനത്ത മഴയും ശക്തമായ കാറ്റും ആണ് കടലിൽ എന്നു മത്സ്യത്തൊഴിലാളികൾ പറഞ്ഞു.

കേരള തീരത്ത് ശക്തമായ മഴയ്ക്ക് 40 മുതൽ 55 കിലോമീറ്റർ വേഗത്തിൽ കാറ്റും വീശാൻ സാധ്യത ഉള്ളതിനാൽ, മത്സ്യത്തൊഴിലാളികൾ 7നു വരെ കടലിൽ പോകരുതെന്നു മുന്നറിയിപ്പു നൽകി.

# ശമ്പളമില്ല; എംപിഐ അടച്ചുപൂട്ടിയേക്കും

**കൂത്താട്ടുകുളം:** പൊതുമേഖലാ സ്ഥാപനമായ ഇടയാർ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ അടച്ചു പൂട്ടലിന്റെ വക്കിൽ. കഴിഞ്ഞ 2 മാസമായി തൊഴിലാളികൾക്ക് ശമ്പളം നൽകിയിട്ടില്ല. നാളുകളായി ശമ്പളം കൃത്യതയില്ലാതെയാണ് ലഭിച്ചു കൊണ്ടിരുന്നത്. ഇപ്പോൾ അതും നിലച്ചതോടെ തൊഴിലാളികൾ ദുരിതത്തിലാണ്. 25 സ്ഥിരം ജീവനക്കാരും 50 താൽക്കാലിക ജീവനക്കാരുമാണ് ഇവിടെയുള്ളത്. റിട്ടയർ ചെയ്ത ജീവനക്കാരുടെ ആനുകൂല്യങ്ങളും നൽകിയിട്ടില്ല.

കേന്ദ്ര സർക്കാർ 31 കോടി രൂപയും കേരള ബാങ്ക് 7 കോടി രൂപയും കോവിഡ് പാക്കേജിൽ 2 കോടി രൂപയും അനുവദിച്ചിരുന്നെങ്കിലും കമ്പനിയുടെ പ്രവർത്തനം ഏകദേശം നിലച്ച സാഹചര്യമാണ്. 25 ഏക്കറിലാണ് കമ്പനി സ്ഥിതി ചെയ്യുന്നത്. ദിവസം 200 വീതം പോത്തുകളെയും പന്നിയെയും കശാപ്പു ചെയ്ത് ഇറച്ചി സംസ്കരിക്കുന്നതിനായി 2 പ്ലാന്റ്, 3000 കോഴികളെ കശാപ്പു ചെയ്ത് ഇറച്ചി സംസ്കരിക്കുന്നതിനുള്ള പ്ലാന്റ്, 3 ടൺ വരെ എല്ലുപൊടി നിർമിക്കാവുന്ന പ്ലാന്റ്, ഒരു ഷിഫ്റ്റിൽ 10 ടൺ തീറ്റപ്പൊടി നിർമിക്കാവുന്ന പ്ലാന്റ് എന്നിങ്ങനെ 5 പ്ലാന്റുകളാണ് ഇവിടെയുള്ളത്. ഇതിൽ 3 പ്ലാന്റുകളും പൂർണമായും പ്രവർത്തന രഹിതമാണ്.

മറ്റ് 2 പ്ലാന്റുകളിലായി വല്ലപ്പോഴും ഇരുപതിൽ താഴെ എണ്ണം പോത്തുകളെയോ പന്നികളെയോ മാത്രമാണ് ഇപ്പോൾ കശാപ്പ് ചെയ്ത് പ്രവർത്തനങ്ങൾ നടത്തുന്നത്.650 പന്നികളെ വളർത്താനുള്ള ഹൈബ്രിഡ് ഫാമും 15,000 കോഴികളെ വളർത്താനുള്ള കൂടും പ്രവർത്തനരഹിതമാണ്. ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താതെ പുറത്തു നിന്ന് ഇറച്ചി വാങ്ങുന്നതിനെതിരെ പ്രാദേശിക കർഷകർ പ്രതിഷേധം ഉയർത്തുന്നുണ്ട്. കമ്പനി വാങ്ങുന്ന ഇറച്ചി ഗുണനിലവാരം ഇല്ലാത്തതാണെന്നും ആരോപണമുണ്ട്.

എംപിഐയുടെ കെടുകാര്യസ്ഥത ചൂണ്ടിക്കാട്ടി വിജിലൻസ് റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ട് പൂഴ്ത്തി വച്ചിരിക്കുന്നുവെന്നാണ് ആക്ഷേപം. കമ്പനിയുടെ ഫിനാൻസ് മാനേജരെ 7 വർഷം മുൻപ് സസ്പെൻഡ് ചെയ്തിരുന്നു. എന്നാൽ അന്വേഷണം നടത്തി തുടർ നടപടി സ്വീകരിക്കാത്തതിനാൽ ഇപ്പോഴും ആയിരങ്ങൾ ശമ്പളം നൽകിക്കൊണ്ടിരിക്കുകയാണ്. 50 ലക്ഷത്തോളം രൂപ ഇതിനായി ചെലവാക്കി എന്നാണ് കണക്ക്. 14 ലക്ഷത്തോളം രൂപ വൈദ്യുതി ബില്ലും കുടിശിക ഉണ്ടെന്നാണ് വിവരം.സ്വകാര്യ കമ്പനിയെ സഹായിക്കുന്നതിനായി എംപിഐ പൂട്ടിക്കാനുള്ള ശ്രമം നടക്കുന്നതായി സംശയിക്കുന്നുവെന്നു കോൺഗ്രസ് ആരോപിച്ചു.

വിഷയത്തിൽ വിജിലൻസ് അന്വേഷണം നടത്തുകയും സർക്കാർ പുതിയ പാക്കേജ് നൽകി കമ്പനി നവീകരിച്ച് പൂർണതോതിൽ പ്രവർത്തനം ആരംഭിക്കണം എന്നുമാണ് ആവശ്യം. അനുകൂല നടപടി ഉണ്ടായില്ലെങ്കിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ ബഹുജന സമരം സംഘടിപ്പിക്കുമെന്ന് നേതാക്കളായ വിൽസൺ കെ. ജോൺ, റെജി ജോൺ, പി.സി. ജോസ്, സിബി കൊട്ടാരം, ബോബൻ വർഗീസ്, പി.ടി. ഗോപാലൻ എന്നിവർ പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663